25 years

Kandanad

Diocesan

BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

**Vol. 6 No. 4-5, 15 April & May 2018** (Combined Issue)

എഡിറ്റോറിയൽ

# ഇനിയെങ്കിലും.....

മലങ്കര സഭാക്കേസിൽ 2017 ജൂലായ് 3ന് ബ: സുപ്രീം കോടതിയിൽ നിന്നുണ്ടായ വിധി സഭയിലെ ഇരുവിഭാഗങ്ങൾ തമ്മിൽ നടത്തിവന്ന, ഏതാണ്ട് അരനൂറ്റാണ്ടു നീണ്ട രണ്ടാം വ്യവഹാര പരമ്പരയ്ക്ക് അന്ത്യം കുറിക്കുന്നതാണ്. 1995-ൽ ഇതേ കോടതി നൽകിയിരുന്ന വിധിയിലെ അവ്യക്തതകളും അപൂർണ്ണതകളുമെല്ലാം നീക്കിക്കൊണ്ടുള്ളതാണ് ഈ വിധിത്തീർപ്പ്. ഇതിന്റെ അടിസ്ഥാനത്തിൽ, കേസുകൾ നിലവിലുള്ള പള്ളികളിൽ തുടർവിധികൾ വന്നുകൊണ്ടിരിക്കുന്നു. അവ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. കോലഞ്ചേരിയിലേതുൾപ്പെടെ പത്തിലേറെ പള്ളികളുടെ ഉടമസ്ഥതയും ഭരണവും മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് തിരികെ ലഭിച്ചുകഴിഞ്ഞു. കോടതിവിധി അംഗീകരിച്ചും 1934-ലെ സഭാ ഭരണഘടനയ്ക്ക് വിധേയപ്പെട്ടും, സമാധാന ചർച്ചകൾ മുഖേന മലങ്കര സഭയുമായുള്ള ഐക്യത്തിന് തയ്യാറാകുകയോ, മലങ്കരസഭയുടെ പള്ളികളും മറ്റുസ്ഥാപനങ്ങളും വിട്ടൊഴിഞ്ഞ് പകരം പുതിയവ സ്ഥാപിച്ചു പിരിയുകയോ ആണ് യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയ്ക്ക് സമാധനപരവും ക്രിസ്തീയവുമായി അനുവർത്തിക്കാൻ കഴിയുന്ന രണ്ടു പോംവഴികൾ. എന്നാൽ വിധി നടത്തിപ്പിനെ കായികമായി എതിർത്ത് തോല്പിച്ച് മലങ്കര സഭയുടെ പള്ളികളും സ്വത്തുക്കളും കൈവശം വയ്ക്കുന്നതിനുള്ള അക്രമമാർഗ്ഗമാണ് അവർ സ്വീകരിച്ചു കാണുന്നത്. ഇതു നടപ്പില്ലെന്നു മാത്രമല്ല ആ സഭയുടെ അവശേഷിക്കുന്ന പ്രതിച്ഛായകൂടി മോശമാക്കുകയും ചെയ്യും. ഒരു സഭാനേതൃത്വത്തിൽ നിന്നുണ്ടാകുന്ന ഇത്തരം നടപടി ക്രിസ്ത്യാനികൾക്കാകെ ദുഷ്പേര് സൃഷ്ടിക്കുകയും ചെയ്യും. ഇത് അത്യന്തം ഖേദകരമെന്നേ പറയാനുള്ളൂ.

സുപ്രീകോടതി വിധിയെ നേരിടുന്ന കാര്യത്തിൽ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ സമീപനം യാക്കോബായ സഭ മാതൃകയാക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. 1995-ൽ മലങ്കര സഭാ കേസ് സംബന്ധിച്ച സുപ്രീം കോടതി വിധി പുറത്തുവന്നപ്പോൾ അതുവരെ പാത്രിയർക്കീസ് പക്ഷത്തു നിന്നിരുന്ന കണ്ടനാട് ഭദ്രാസന നേതൃത്വം ആ വിധി വേണ്ടവിധം പഠിച്ച് നേട്ടകോട്ടങ്ങൾ വിലയിരുത്തി, വിധിയുടെ അനന്തരഫലങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കിക്കൊണ്ട് ആലോചനാപൂർവ്വം സഭൈക്യത്തിന് നിലപാടെടുക്കുകയും അതിനുവേണ്ടി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഭദ്രാസനത്തിലെ ഏഴേഴുപണിക്കാരെ വീതം അവയിൽ ഒരു പള്ളിയിൽ വിളിച്ചു ചേർത്ത് മെത്രാപ്പോലീത്ത അവർക്ക് കാര്യങ്ങൾ വിശദീകരിച്ചുകൊടുത്തു. 1934-ലെ സഭാ ഭരണഘടന അംഗീകരിച്ച്, സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഓർത്തഡോക്സ് പക്ഷവുമായി യോജിച്ച് സഭയിൽ സമാധാനം സൃഷ്ടിച്ച് സഭ ഒന്നായി മുമ്പോട്ടു പോകുന്നതായിരിക്കും വിവേകം എന്നവരെ ഉപദേശിച്ചു. അല്ലാത്തപക്ഷം കൈവശമുള്ള പള്ളികളും സെമിത്തേരികളും നഷ്ടപ്പെടുമെന്നും, പുതിയ പള്ളികളും ശവക്കോട്ടകളും നിർമ്മിച്ച് സുറിയാനി ഓർത്ത

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**ഇനിയെങ്കിലും** ................................................ 1

**കോടതിവിധി**
**വീണ്ടുവിചാരത്തിന് ഇടവരുത്തട്ടെ** ............. 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**യുവാക്കൾക്കുവേണ്ടി**
**ഒരു പഴയകഥ** ................................................ 6
ഫാ. എ.എം. ഉലഹന്നാൻ

**യേശു നല്ല ഇടയൻ:**
**ഇടയന്മാർക്ക് മാതൃകയും** .......................... 9
ഡോ. തോമസ് മാർ അത്താനാസ്യോസ്

**പൗരാണികവും സ്വതന്ത്രവുമായ**
**കാതോലിക്കാസ്ഥാനം** ................................ 11
ഫാ. ഡോ. എം.ഒ. ജോൺ

**പിറവം പള്ളിയെക്കുറിച്ച്**
**പറയാനുള്ളത്** ............................................ 14


ഡോക്സ് സഭയായി വേർപിരിയേണ്ടിവരുമെന്നും അറിയിച്ചു. അതിന് ഇടവക ജനം തയ്യാറാണോ എന്ന ചോദ്യത്തിന് 'അല്ല' എന്ന ഉത്തരമാണ് അവരിൽനിന്ന് ഉയർന്നത്. സഭായോജിപ്പിനുള്ള ആഗ്രഹമാണ് അവരെല്ലാം പ്രകടമാക്കിയത്. അതിനുള്ള തെളിവാണ് അന്ന് ഭദ്രാസനത്തിൽ പാത്രിയർക്കീസ് പക്ഷത്തുണ്ടായിരുന്ന 72-വൈദികരും സഭൈക്യത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് സമ്മതപത്രം ഒപ്പിട്ടുനൽകിയത്. എന്നാൽ വിധി നടത്തിപ്പു നീണ്ടതോടെ, തങ്ങളുടെ പഴയ നിലാപാടിൽ പിടിച്ചുനില്ക്കാൻ സാധിക്കുമെന്ന് തോന്നിയ പകുതിയോളം വൈദികരും ജനങ്ങളും ഐക്യശ്രമം ഉപേക്ഷിച്ചു മടങ്ങി. എന്നിരുന്നാലും ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസ്യോസും അദ്ദേഹത്തോടൊപ്പം നിന്ന ബ. വൈദികരും ഐക്യപ്രക്രിയയിൽ തുടർന്ന് മലങ്കരസഭയുടെ ഭാഗമായിത്തീർന്നു. അവർക്കൊപ്പം തൃശൂർ ഭദ്രാസന മെത്രാപ്പോലീത്ത അഭി. യൂഹാനോൻ മാർ മിലിത്തിയോസ്, അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത അഭി. സഖറിയാസ് മാർ നിക്കോളാവോസ് എന്നിവരും ഇടവക ജനങ്ങളും സഭൈക്യത്തിൽ പങ്കുചേർന്നു എന്നത് എടുത്തുപറയേണ്ടകാര്യമാണ്. സഭാ സമാധാനത്തിൽ പങ്കാളികളായവർക്കെല്ലാം അതിന്റെ പേരിൽ കടുത്ത വിമർശനങ്ങളും, പരിഹാസങ്ങളും, ആരോപണങ്ങളും ദേഹോപദ്രവം പോലും ഐക്യവിരുദ്ധരിൽ നിന്ന് സഹിക്കേണ്ടി വന്നെങ്കിലും ഇന്നിപ്പോൾ അവർക്കാണ് തങ്ങളുടെ നിലപാടിൽ ഏറ്റവുമധികം സന്തോഷിക്കുവാനും ആശ്വസിക്കുവാനും അഭിമാനിക്കുവാനും അവസരം ലഭിച്ചിരിക്കുന്നത്. കൂടുതൽ സഹിച്ചവർക്കാണല്ലോ ദൈവം കൂടുതൽ സന്തോഷിക്കുവാൻ ഇട നൽകുന്നത്.

ഒരു സ്വതന്ത്ര പരമാധികാര ജനാധിപത്യ രാജ്യത്ത് അതിലെ പൗരന്മാർക്ക് നീതിക്കായി സമീപിക്കാവുന്ന പൊതുവും ആധികാരികവുമായ സ്ഥാപനം കോടതി മാത്രമാണല്ലോ. കീഴ്ക്കോടതികൾ കയറിയിറങ്ങി ഒടുവിൽ സുപ്രീംകോടതിയിലെത്തി അന്ത്യവിധി നേടി വരുമ്പോൾ പരാജിത വിഭാഗം അതിനെ കായികമായി നേരിടാനും വിധിയുടെ പേരിൽ നീതിപീഠത്തെയും ന്യായാധിപന്മാരെയും അവഹേളിക്കാനും ശ്രമിക്കുന്നത് ഏതൊരു പരിഷ്കൃത സമൂഹത്തിനും യോജിച്ചതല്ല. നിർഭാഗ്യവശാൽ അതാണ് യാക്കോബായ സഭയുടെ നടപടി. കോടതിവിധി അനുകൂലമെങ്കിൽ സ്വീകാര്യവും പ്രതികൂലമെങ്കിൽ നിഷേധ്യവും എന്ന സമീപനം അംഗീകരിക്കാനാവില്ലല്ലോ! അവരുടെ സമീപകാല ചരിത്രം തന്നെ അതാണ്. ഇടക്കാല ക്രമീകരണത്തിൽ ഇരുവിഭാഗങ്ങൾക്കും തുല്യമായ ആരാധനാവകാശമുണ്ടായിരുന്ന പല പള്ളികളിലും ഓർത്തഡോക്സ് വിഭാഗം സമർപ്പിച്ച കേസുകൾ കേവലം ഏതെങ്കിലും നിസ്സാര സാങ്കേതിക

*(ശേഷം 5-ാം പേജിൽ)*

*മെത്രാപ്പോലീത്തായുടെ കത്ത്*

# കോടതിവിധി വീണ്ടുവിചാരത്തിന് ഇടവരുത്തട്ടെ

മലങ്കര സഭയിൽ 1975 മുതൽ നിലവിലിരുന്ന ഭിന്നതയ്ക്ക് വിരാമമിടുവാൻ സഹായകമായ ഒരു തീർപ്പായിരുന്നു 1995-ൽ ബ. സുപ്രീം കോടതിയിൽ നിന്നുണ്ടായത്. തർക്ക വിഷയങ്ങൾ സംബന്ധിച്ച് ഇരുഭാഗത്തെയും വാദങ്ങൾ അനുഭാവപൂർവ്വം കേട്ട് വിലയിരുത്തി നീതിപൂർവ്വകമായി പുറപ്പെടുവിച്ച വിധിയാണ് അത്. മൂന്നംഗബഞ്ചിൽ ഒരാൾ രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ ഓർത്തഡോക്സ് വിഭാഗത്തിന്റെ വാദം പൂർണ്ണമായി അംഗീകരിച്ചു കൊണ്ടുള്ള വിധിയാണ് നൽകിയത്. കൃത്യമായ നിയമാനുസൃത വിധിത്തീർപ്പായിരുന്നു അദ്ദേഹത്തിന്റേത്. എന്നാൽ ഭൂരിപക്ഷ വിധി വ്യത്യസ്തമായിരുന്നു. രേഖകൾക്കും തെളിവുകൾക്കും അതീതമായി ഒരു സമുദായം ഭിന്നിച്ചു പോകാതെ അതിന്റെ ഭദ്രമായ ഭാവി മുമ്പിൽ കണ്ട് ഉത്തരവാദിത്തബോധത്തോടും കരുതലോടും കൂടിയതായിരുന്നു മറ്റു രണ്ടുപേരുടേയും വിധിത്തീർപ്പ്. നിയമപരമായി നിലനില്പില്ലാത്ത പാത്രിയർക്കീസ് പക്ഷത്തിന് അഭിമാനത്തോടെ ഐക്യത്തിലേക്കും സമാധാനത്തിലേയ്ക്കും വരുവാൻ സാഹചര്യമൊരുക്കിക്കൊണ്ടുള്ളതായിരുന്നു ആ ഭൂരിപക്ഷ വിധി. അതേസമയം ഓർത്തഡോക്സ് വിഭാഗത്തിന് നീതി നിഷേധിക്കപ്പെടാതിരിക്കുന്നതിനുള്ള പ്രത്യേക ശ്രദ്ധയും കരുതലും അതിലുണ്ടായിരുന്നുതാനും. അതായത് അടിസ്ഥാന നീതി ആർക്കും നിഷേധിക്കാതെ സഭയിൽ സമാധാനം സൃഷ്ടിക്കുന്നതിനായിരുന്നു അതിലെ ശ്രമം. 1958 മുതൽ 1975 വരെ മലങ്കരസഭയുടെ ഭരണരേഖയായി നിലവിലിരുന്നതും ഇരുവിഭാഗങ്ങളും അംഗീകരിച്ചതുമായ 1934-ലെ സഭാഭരണഘടന സഭയ്ക്ക് മുഴുവനായി ബാധകമാക്കിക്കൊണ്ടുള്ള ആ വിധിയിൽ ന്യായാധിപന്മാരുടെ അതിസൂക്ഷ്മമായ ഉൾക്കാഴ്ചയും ദീർഘദൃഷ്ടിയും ദൈവനടത്തിപ്പുമാണ് പ്രകടമായത്. അതായത് നൈയാമികതയെക്കാൾ നീതിയും സഭയിലെ സമാധാനവും ലക്ഷ്യമാക്കിക്കൊണ്ടുള്ള വിധി. എന്നാൽ അതിനെ ആ നിലയിൽ മനസ്സിലാക്കുവാൻ സഭയിലെ ഒരു കൂട്ടർക്ക് കഴിഞ്ഞില്ല എന്നത് നിർഭാഗ്യകരമായിപ്പോയി. പൊതുവായ അംഗീകാരം നേടിയതും ഒരു വ്യാഴവട്ടത്തിലേറെ യോജിച്ച സഭയിൽ പ്രാബല്യത്തിലിരുന്നതുമായ 1934-ലെ ഭരണഘടനയുടെ ചട്ടക്കൂട്ടിൽ ഇരുവിഭാഗങ്ങളും സഹകരിച്ച് ഒരു സഭയായി നിലനില്ക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയായിരുന്നു 95-ലെ വിധിയിലൂടെ നീതിപീഠം യഥാർത്ഥത്തിൽ ലക്ഷ്യമിട്ടത്.

നിലവിലിരുന്ന സഭാ ഭരണഘടനയിലെ സാമാന്യനീതിക്കു നിരക്കാത്ത വകുപ്പുകൾ തിരുത്തി അതിനെ ജനാധിപത്യവല്ക്കരിക്കുവാനും കോടതി ശ്രദ്ധിച്ചു. സഭാഭരണം കൂടുതൽ ജനാധിപത്യപരമാകുന്നതോടെ സഭയിൽ ഇരുപക്ഷങ്ങൾക്കും നീതി ലഭ്യമാകുമെന്നും ഭിന്നതകൾക്ക് പരിഹാരമുണ്ടാകുവാൻ അത് സഹായകമാകുമെന്നും കോടതി നിരൂപിച്ചു. അതുവരെ ഇടവകയുടെ വലിപ്പം നോക്കാതെ ഓരോ പള്ളിക്കും മൂന്നു പ്രതിനിധികൾ വീതം ഭദ്രാസന അസംബ്ലിയിലേക്കും സഭാ അസോസിയേഷനിലേക്കും അയക്കുവാനുള്ള വകുപ്പുകളാണ് ഭരണഘടനയിലുണ്ടായിരുന്നത്. അതിൻപ്രകാരം പത്തു വീട്ടുകാരുള്ള പള്ളിയ്ക്കും 3000 വീട്ടുകാരുള്ള പള്ളിക്കും തുല്യപ്രാതിനിധ്യമാണുണ്ടായിരുന്നത്. ഈ രീതി നീതിപരമല്ല എന്ന് കോടതി കണ്ടെത്തുകയും ഇടവകകൾക്ക് അംഗസംഖ്യാനുപാതികമായി പ്രാതിനിധ്യം അനുവദിക്കുകയും ചെയ്തു. ഇതുവഴി സഭാഭരണത്തിൽ കൂടുതൽ നീതിപൂർവ്വമായ ജനപങ്കാളിത്തം ഉണ്ടാകുമെന്നും അത് ഭരണത്തെ കൂടുതൽ ജനാധിപത്യപരമാക്കുമെന്നും കോടതി ചിന്തിച്ചു. അതുപോലെ മെത്രാന്മാരുടെയും, മാനേജിംഗ് കമ്മിറ്റിയുടെയും മറ്റും തിരഞ്ഞെടുപ്പു പ്രമാണിച്ചു രൂപപ്പെടുകയും അതുകഴിഞ്ഞാൽ സാംഗത്യം നഷ്ടമാവുകയും ചെയ്തിരുന്ന മലങ്കര അസോസിയേഷൻ 5 വർഷത്തേക്ക് നിലവിലുള്ള സഭാ സമിതിയായി മാറി. സഭയിൽ നീതിനിർവ്വഹണം നടക്കുന്നുണ്ടോ, അതു നിലനിൽക്കുന്നുണ്ടോ എന്നു തുടങ്ങിയ അന്വേഷണത്തിനുള്ള സ്ഥിരം സംവിധാനമായി അതിനെ ആക്കിത്തീർത്തതും കോടതി വിധിയായിരുന്നു. അതായത് സഭാഭരണത്തിൽ നീതിയും ന്യായവും ധ്വംസിക്കപ്പെടാതിരിക്കാനുള്ള കരുതൽ നടപടികൾക്കായിരുന്നു ഭരണഘടനയുടെ ജനാധിപത്യവല്ക്കരണത്തിലൂടെ കോടതി ശ്രമിച്ചത്. പൊതു അംഗീകാരം ലഭിച്ച 34 ലെ സഭാ ഭരണഘടന, സഭാഭരണത്തിന് നിർബന്ധിതമാക്കിയും

അതിന്റെ ജനാധിപത്യവല്ക്കരണത്തിലൂടെ സഭയിൽ നീതി ഉറപ്പാക്കിയും സഭയിൽ ഐക്യവും സമാധാനവും യാഥാർത്ഥ്യമാക്കുക കൂടി കോടതി ലക്ഷ്യം വച്ചു.

ഐക്യപ്രക്രിയ ആരോഗ്യകരമാക്കുന്നതിനും കോടതി ശ്രമിച്ചു. ഇരുകൂട്ടർക്കും ആത്മാഭിമാനത്തോടെ യോജിക്കുവാനുള്ള മാർഗ്ഗമാണ് കോടതി ആരാഞ്ഞത്. അതുകൊണ്ട് നിലവിലിരുന്ന സമാന്തര സംവിധാനത്തിനൊന്നും നിയമസാധുത നല്കിയില്ല. തർക്കത്തിലെ കക്ഷികളായിട്ടാണ് ഇരുഭാഗങ്ങളെയും കോടതി കണ്ടത്. പാത്രിയർക്കീസിന്റെയും കാതോലിക്കോസിന്റെയും സ്ഥാനങ്ങൾ മാത്രമാണ് തർക്കമില്ലാതെ കോടതി അംഗീകരിച്ചത്. 1975 മുതൽ ഇരുഭാഗങ്ങളിലും സൃഷ്ടിക്കപ്പെട്ട സംവിധാനങ്ങൾ, സ്ഥാനികൾ, ഭദ്രാസനങ്ങൾ, മേൽപ്പട്ടക്കാർ എന്നിവരുടെ അംഗീകാരം സംയുക്തമായി ചേരുന്ന മലങ്കര അസോസിയേഷന്റെ ചുമതലയിലാക്കി. എന്തിന്, മലങ്കര മെത്രാപ്പോലീത്താ സ്ഥാനം വരെ അസോസിയേഷന്റെ അംഗീകാരത്തിനു വിധേയമാക്കി. 1975 മുതൽ സഭ വിഭജിതമായിരുന്നു എന്ന വസ്തുത അംഗീകരിച്ചുകൊണ്ടുള്ള നിലപാടാണ് കോടതി എടുത്തത്. ജനാധിപത്യവല്ക്കരിക്കപ്പെട്ട ഭരണഘടനപ്രകാരം വിളിച്ചുകൂട്ടുന്ന മലങ്കര അസോസിയേഷനിൽ ഇരുവിഭാഗങ്ങളും സഹകരിച്ച് അഭിമാനപൂർവ്വം തമ്മിൽ യോജിക്കാൻ സാഹചര്യമൊരുക്കുയായിരുന്നു കോടതി. ചില അടിസ്ഥാന യാഥാർത്ഥ്യങ്ങൾ അനുകമ്പാപൂർവ്വം വിലയിരുത്തി ഐക്യത്തിന് വഴി ഒരുക്കിയ വിധിയായിരുന്നു 1995 ലേത്.

കോടതി പാത്രിയർക്കീസ് വിഭാഗത്തിനു സോപാധിക അംഗീകാരം നൽകി യോജിപ്പിന് നടത്തിയ ശ്രമത്തിലെ ദൈവനിയോഗം ശ്രദ്ധിക്കാതെ ആ കൂട്ടത്തിലെ ചില മേൽപട്ടക്കാർ, സംയുക്ത മലങ്കര അസോസിയേഷൻ ബഹിഷ്കരിച്ച് നിയമവിരുദ്ധ അസോസിയേഷൻ വിളിച്ചുകൂട്ടി പുതിയ സഭയ്ക്കും ഭരണഘടനയ്ക്കും രൂപം നൽകുകയും ചെയ്തു. ഇത് ഒരിക്കലും ചെയ്യരുതായിരുന്നു. അങ്ങനെ ദൈവം കൃപ ചെയ്ത് നൽകിയ അഭിമാനപൂർവ്വം ഐക്യപ്പെടാനുള്ള സാധ്യത പാത്രിയർക്കീസ് കക്ഷിയിലെ ഏതാനും നേതാക്കന്മാർ വിദഗ്ധമായി അട്ടിമറിച്ചു. 1995-ലെ വിധിയെ ഇന്നു വാഴ്ത്തിപ്പാടുന്ന പാത്രിയർക്കീസ് കക്ഷിക്കാർ അന്ന് അതു പ്രകാരം നടന്ന ഐക്യപ്രക്രിയ തകർത്തത് എന്തുകൊണ്ടാണെന്നു കൂടി വിശദീകരിക്കേണ്ടതുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ തർക്കവും ഭിന്നതയും ഉണ്ടാകാം. എന്നാൽ തർക്ക വിഷയങ്ങൾക്ക് പോംവഴിയുണ്ടായാൽ ഭിന്നത തീർക്കുന്നതിനാകണം ശ്രമം. അതാണ് നടക്കാതെ പോയത്.

തുടർന്നുണ്ടായ കേസുകൾ സംബന്ധിച്ച വിധിയാണ് 2017 ജൂലായ് 3-ന് സുപ്രീംകോടതിയിൽ നിന്നുണ്ടായത്. കർക്കശമായ കോടതിവിധി വന്നാലെ പ്രശ്നപരിഹാരമുണ്ടാവുകയുള്ളു എന്ന് ബ. കോടതിക്കു ബോധ്യമായി. അതുകൊണ്ട് ഈ കേസുകൾ സംബന്ധിച്ച് യാതൊരു തർക്കമോ സംശയമോ അവശേഷിക്കാത്ത വ്യക്തവും കർശനവുമായ ഉത്തരവാണ് കോടതി നൽകിയത്. അതു നടപ്പാക്കാനുള്ള നിർദ്ദേശവും നൽകി. അതാണ് ഇപ്പോഴത്തെ സാഹചര്യം. അങ്ങനെ ഒരു നൂറ്റാണ്ടിലധികമായി മലങ്കര സഭയെ ബാധിച്ചിരുന്ന വ്യവഹാര പരമ്പരയ്ക്ക് പൂർണ്ണവിരാമമിടുന്ന വിധി നൽകുവാനാണ് കോടതി ശ്രദ്ധിച്ചത്. സന്മനസിനും സൽപ്രേരണകൾക്കും വിധേയപ്പെട്ട് അന്തസായ ഒരു സമാധാന പ്രക്രിയയ്ക്ക് തയ്യാറാകാത്ത വിഭാഗത്തിന്റെ ധിക്കാരപരമായ നിലപാടിന് കടുത്ത വിധിത്തീർപ്പ് മാത്രമേ പ്രതിവിധി ആകു എന്ന് ന്യായാധിപന്മാർക്ക് ബോധ്യമായെന്ന് വ്യക്തം.

1934-ലെ ഭരണഘടന സഭയ്ക്ക് ബാധകമാകയാൽ അതിനുള്ളിൽ നിന്നുകൊണ്ടുള്ള പരിഹാര സാധ്യതകളാണ് 2017-ൽ സുപ്രീം കോടതി ആരാഞ്ഞത്. അതുകൊണ്ട് പരിഹാരം അതിനുള്ളിൽ നിന്നുകൊണ്ടായിരിക്കണമെന്ന് കോടതി ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ആ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് പകരം കോടതിയെ നിയമം പഠിപ്പിക്കുവാനുള്ള ശ്രമമാണ് പാത്രിയർക്കീസ് പക്ഷം നടത്തിയത്. 1934-ലെ സഭാഭരണഘടന നിയമാനുസൃതം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ സാധുവല്ല; ഇടവകകളിലുള്ള ഉഭയഉടമ്പടികളാണ് ഇടവക ഭരണത്തിന്റെ രേഖകൾ; സഭാതർക്കം വിശ്വാസപരമായ വിഷയമാണ്. അതുകൊണ്ട് സിവിൽ കോടതികൾക്ക് അതിൽ ഇടപെടൽ സാധ്യതയില്ല; ഇൻഡ്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 25, 26 പ്രകാരം ഇടവകകൾക്കും വിശ്വാസികൾക്കും പള്ളിയിൽ ആരാധന-ഭരണ സ്വാതന്ത്ര്യമുണ്ട്. ഇങ്ങനെ പോകുന്ന അവരുടെ വാദങ്ങൾ. 1958, 95 എന്നീ വർഷങ്ങളിലുണ്ടായ സുപ്രീകോടതി വിധികൾ, 34-ലെ ഭരണഘടന സഭയ്ക്ക് ബാധകമാക്കിയതിനാലും പാത്രിയർക്കീസ് കക്ഷിക്കാർ തന്നെ അത് അംഗീകരിച്ചിട്ടുള്ളതിനാലും സഭാഭരണഘടന നിഷേധിച്ചുകൊണ്ട് നടന്ന സകല നടപടികളും കോടതി റദ്ദാക്കുകയാണുണ്ടായത്. അങ്ങനെ യാക്കോബായ സഭയും അതിന്റെ ഭരണ സംവിധാനവും ഭരണഘടനയും പള്ളി സ്ഥാപനങ്ങൾ മേലുള്ള അതിന്റെ അവകാശവാദങ്ങളും

നിയമവിരുദ്ധമെന്ന് കോടതി വിധിയെഴുതുകയും യാക്കോബായ സഭയുടെ നിയമപരമായ അസ്ഥിത്വം അവസാനിക്കുകയും ചെയ്തു.

ഇനി കോടതി വിധി മനസ്സിലാക്കി തങ്ങളുടെ കൂടെ നില്ക്കുന്ന ജനത്തിന് ദോഷം സംഭവിക്കാതെ അവർക്ക് സംരക്ഷണം കിട്ടാനുള്ള സാധ്യത അന്വേഷിക്കുകയാണ് യാക്കോബായ നേതൃത്വം ചെയ്യേണ്ടിയിരുന്നത്. അതിനു പകരം നീതിന്യായ സംവിധാനത്തിന് സഭാകാര്യത്തിൽ ഇടപെടാൻ അധികാരമില്ല, ന്യായാധിപന്മാർ കോഴ വാങ്ങി നൽകിയ വിധിയാണിത്, കോടതിക്കു പള്ളിയുണ്ടെങ്കിൽ ഓർത്തഡോക്സ്കാർക്ക് വിട്ടു കൊടുത്തുകൊള്ളട്ടെ എന്നു പോകുന്ന കോർട്ടലക്ഷ്യ പ്രസ്താവനകൾ നടത്തുകയാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. അതോടൊപ്പം സഭാസമാധാനത്തിനുവേണ്ടി ശ്രമിച്ച ഓർത്തഡോക്സ് സഭയിലെ മേൽപട്ടക്കാരെ ചളിവാരി എറിയാനും ശ്രമിക്കുന്നു. പൊതുസമൂഹത്തിൽ കോടതിക്കും ഓർത്തഡോക്സ് സഭയ്ക്കുമെതിരെ നടന്ന രോഷപ്രകടനങ്ങൾ ഒരിക്കലും നീതീകരിക്കാവുന്നവയല്ല. കൂടെയുള്ള ജനത്തിന് സംരക്ഷണം ലഭിക്കുവാൻ സഹായകവുമല്ല.

കോടതിവിധിപ്രകാരം മലങ്കര സഭാ സ്വത്തുക്കൾക്ക് ട്രസ്റ്റ് വസ്തുക്കൾ എന്ന നിലയിൽ ഒരു സ്വതന്ത്ര നിലനില്പ്പ് (entity) ആണുള്ളത്. അവ ആരുടെയും സ്വകാര്യ ഉടമസ്ഥതിയിലുള്ളതല്ല. സഭയിലെ സ്ഥാനികളും സമിതികളും അവയുടെ കാര്യകർത്തൃത്വം (stewardship) നിർവ്വഹിക്കുന്നവർ മാത്രമാണ്. ഈ സ്വത്തുക്കൾ ആരുമായും പങ്കുവയ്ക്കുവാനോ, വില്ക്കുവാനോ ആർക്കെങ്കിലും ദാനം ചെയ്യുവാനോ ആവില്ല. 1934-ലെ ഭരണഘടനപ്രകാരം നിയോഗിക്കപ്പെട്ട വ്യക്തികൾക്കും സമിതികൾക്കും മാത്രമേ അവയുടെ കൈകാര്യ സാധ്യതയുള്ളൂ. ഇവിടത്തെ പാത്രിയർക്കീസ് കക്ഷിയിലെ നേതാക്കന്മാർ, സമിതികൾ എന്നിവർ സഭാ ഭരണഘടനപ്രകാരം സ്ഥാനികളായി നിയോഗിക്കപ്പെട്ടവരല്ല. അതുകൊണ്ട് ട്രസ്റ്റ് സ്വത്തുക്കളിൽ ഇടപെടലിന് സാധ്യതയില്ല.

അതായത് നിയമപരമായി നിലനില്പ് നഷ്ടപ്പെട്ട യാക്കോബായ സഭാസംവിധാനം ഈ യാഥാർത്ഥ്യം തിരിച്ചറിയുകയും എങ്ങനെ ഈ ട്രസ്റ്റിന്റെ ഭാഗമായിത്തീരാം എന്ന് സഭ മുഴുവനായി ആലോചിച്ചു വഴി കണ്ടെത്തുകയും അങ്ങനെ ഇത്രയും കാലം കൂടെ നിന്ന ജനത്തെ സംരക്ഷിക്കുകയുമാണ് ചെയ്യേണ്ടത്. സങ്കടകരമായ ഇന്നത്തെ ദുരവസ്ഥയിൽ എത്തിച്ചിട്ടും തിരിച്ചറിവും വീണ്ടുവിചാരവുമില്ലാതെ പ്രവർത്തിക്കുന്ന നേതൃത്വത്തെ കൈയൊഴിയുവാനുള്ള വിവേകവും, നിയമബോധവും, ഇച്ഛാശക്തിയും ഇനിയെങ്കിലും ആ സമൂഹത്തിലെ ആത്മായരും, വൈദീകരും പ്രകടമാക്കുകായായിരിക്കും ആശാവഹം. അല്ലാത്തപക്ഷം യാക്കോബായ നേതൃത്വം അവരെ ദുരന്തത്തിൽ എത്തിക്കും എന്നോർക്കുക. ഒരു കാലത്ത് ഒരുമിച്ചു നിന്നവരായതുകൊണ്ടും ഇതുവരെയുള്ള ഉപദേശങ്ങൾ ചെവികൊള്ളാത്തതുകൊണ്ടും എന്റെ നിയോഗബോധത്തിൽ നിന്ന് ഇക്കാര്യങ്ങൾ ഒരിക്കൽകൂടി യാക്കോബായ പക്ഷത്തെ ഓർമ്മപ്പെടുത്തുന്നു എന്നു മാത്രം.

സസ്നേഹം,

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

---

*(2-ാം പേജിൽ നിന്ന് തുടർച്ച)*

കാരണത്താൽ (ഉദാ: സെക്ഷൻ 92 പ്രകാരമല്ലാത്തതുകൊണ്ട്) തള്ളാനിടയായാൽ തങ്ങൾ കേസ് ജയിച്ചു എന്നു സ്വയം പ്രഖ്യാപിച്ച് പള്ളി പിടിച്ചെടുത്ത് സ്വന്തമാക്കുന്ന രീതിയാണ് യാക്കോബായക്കാർക്കുള്ളത്. അവരാണ് സുപ്രീം കോടതിയിൽ നിന്ന് അന്തിമവിധി വന്ന പള്ളികളിൽ പോലും കയറിക്കൂടി 'ഇറക്കിവിട്ടാൽ ചോരപ്പുഴ ഒഴുക്കു'മെന്ന് ഭീഷണി മുഴക്കുന്നത്! പിറവം വലിയ പള്ളിയിൽ ഈ ദിവസങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത് അതാണ്.

"ജഡ്ജിമാർക്ക് പള്ളികളുണ്ടെങ്കിൽ മെത്രാൻ കക്ഷിക്കാർക്ക് കൊടുത്തോട്ടെ. ഞങ്ങളുടെ പള്ളികളൊന്നും ഞങ്ങൾ ആർക്കും വിട്ടുകൊടുക്കില്ല" എന്നൊക്കെ ശ്രേഷ്ഠബാവ പ്രസംഗിക്കുന്നതു കേട്ടു. "എന്റെ പേരിൽ 360 കേസുകൾ അവർ നൽകിയിട്ടുണ്ട്. എന്നാൽ ഞാൻ ആർക്കെതിരായും ഒരു കേസും കൊടുത്തിട്ടില്ല" എന്ന തന്റെ പഴയ മൊഴി ആവർത്തിക്കുന്നതും കേട്ടു. കുപ്രസിദ്ധരായ എല്ലാ കുറ്റവാളികർക്കും ഉന്നയിക്കാവുന്ന അവകാശവാദമാണിത്. വിവരക്കേടും ഭള്ളും സമ്മേളിച്ചാൽ എന്തും വിളിച്ചു പറയാം.

കണ്ടനാട് ഭദ്രാസനത്തിലെ യാക്കോബായ വിശ്വാസികളോടും ബഹു. അച്ചന്മാരോടും ഡയോസിസൻ ബുള്ളറ്റിനിന് ഒരപേക്ഷയേയുള്ളൂ. ചരിത്രത്തിലൊരിക്കലും നിങ്ങൾക്ക് അനുകൂലമായ ഒരു വിധി ബഹു. സുപ്രീംകോടതിയിൽ നിന്നുണ്ടായിട്ടില്ല. ഇനി ഉണ്ടാകുവാൻ ന്യായവുമില്ല. അതുകൊണ്ട് ഇനിയെങ്കിലും വഴക്കിന്റെയും പിളർപ്പിന്റെയും മാർഗ്ഗം ഉപേക്ഷിച്ച് കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ പാത സ്വീകരിക്കുക. ഭദ്രാസന നേതൃത്വം അത് കാത്തിരിക്കുകയാണ്.

ലേഖനം

# യുവാക്കൾക്കുവേണ്ടി ഒരു പഴയകഥ

ഫാ. എ.എം. ഉലഹന്നാൻ

ഏറെ പഴയ ഒരു പഴയനിയമ കഥയാണ്. മിസ്രയീം അടിമത്തത്തിൽ നിന്നു മോചിപ്പിക്കപ്പെട്ട ഇസ്രായേൽ ജനം ആദ്യനായകന്റെ മരണശേഷം യേശുവായുടെ നേതൃത്വത്തിൽ വാഗ്ദത്ത നാട്ടിൽ പ്രവേശിച്ചു. ദൈവനിർദ്ദേശങ്ങൾ അനുസരിച്ച് യോശുവ തന്റെ ജനത്തെ നയിച്ചു. ചുറ്റുമുള്ള പ്രദേശങ്ങൾ ഒന്നൊന്നായി കീഴടക്കി. കനാൻ നാട് യിസ്രായേൽ ഗോത്രങ്ങൾക്കു വിഭജിച്ച് അവകാശമായി കൊടുത്തു. അവസാനം നൂറ്റിപ്പത്തുവയസ്സുള്ളവനായി മരിച്ചു. യോശുവയും ആ തലമുറയൊക്കെയും തങ്ങളുടെ പിതാക്കന്മാരോടു ചേർന്നു. അവരുടെ ശേഷം യഹോവയേയും അവൻ യിസ്രായേലിനുവേണ്ടി ചെയ്തിട്ടുള്ള പ്രവൃത്തികളേയും അറിയാത്ത വേറൊരുതലമുറയുണ്ടായി.

ദൈവശബ്ദത്തിനുകാതോർക്കാൻ മനസ്സുവയ്ക്കാത്ത, ദുർബ്ബലമായ നേതൃത്വത്തിനുകീഴിൽ ഒരു തരം അരാജകത്വം നാട്ടിലാകെ നടമാടി. ഓരോരുവനും അവനവന്റെ ഇഷ്ടമനുസരിച്ചു ജീവിക്കുവാനും ഇഷ്ടമുള്ള ദേവനെ ആരാധിക്കുവാനും തുടങ്ങി. ശക്തിയുള്ള ഒരു കേന്ദ്ര നേതൃത്വത്തിന്റെ അഭാവവും ജനങ്ങളുടെ ഐക്യമില്ലായ്മയും അന്യജാതികളും പ്രദേശക്കാരും മുതലെടുത്തു. അടിമത്തവും മോചനവും രാത്രിയും പകലും പോലെ മാറി മാറി വന്നു. ഈ അയഞ്ഞ ദുർബ്ബലമായ സാമൂഹ്യ-രാഷ്ട്രീയ ചുറ്റുപാടിൽ പ്രത്യേക തെരെഞ്ഞെടുപ്പോ മാനദണ്ഡമോ ഒന്നും കൂടാതെ പ്രാദേശിക നേതാക്കൾ അധികാരത്തിലെത്തി. ബി.സി. 1200 മുതൽ 1020 വരെയുള്ള ഈ കാലത്തെ ന്യായാധിപന്മാരുടെ കാലം എന്നു പില്ക്കാലത്തു വിളിച്ചു.

180 വർഷത്തിനുള്ളിൽ എത്രയോ ന്യായാധിപഭരണക്കാരെ യിസ്രായേൽ കണ്ടു. പലരും രണ്ടാമതൊന്ന് ഓർക്കാൻ പാകത്തിന് ഒന്നും അവശേഷിപ്പിക്കാൻ കഴിയാതെ കടന്നുപോയവരാണ്. എന്നാൽ ശരിയായ നേതൃപാടവവും ഭരണനൈപുണ്യവും കൈമുതലായുണ്ടായിരുന്ന ചുരുക്കം ചില ന്യായാധിപന്മാരും ഉണ്ടാകാതിരുന്നില്ല. ദബോറ എന്ന ന്യായാധിപയുടെ പേര് യിസ്രായേലിന്റെ ചരിത്രത്തിൽ ഇന്നും രേഖപ്പെടുത്തിയിരിക്കുന്നത് ദൈവമാർഗ്ഗത്തിൽ ജനത്തെ നയിച്ച ഒരു ന്യായാധിപ എന്ന നിലയിലാണ്.

ന്യായാധിപന്മാരുടെ പട്ടികയിൽ തിളങ്ങുന്ന അക്ഷരങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു പേരാണ്, ആറു വർഷം ന്യായപാലനം നടത്തിയ, യിപ്താഹ് എന്നത് (ന്യായാ. 11:1-12:7).

ഏറെ നാടകീയതകൾ നിറഞ്ഞ ഒരു ജീവിതമായിരുന്നു യിപ്താഹിന്റേത്. ഗിലയാദിലെ ഒരു തെരുവുബാലനായാണ് ജനിച്ചത്. പിതാവ്, നാടിന്റെ പേര് തന്റെ തന്നെ പേരായിമാറ്റിയ ഒരു ധനികൻ. മാതാവ് ഒരു തെരുവുസ്ത്രീ. ബാല്യകൗമാരങ്ങൾ തെരുവോരങ്ങളിൽ. പിതാവിന്റെ സമ്പന്ന ഭവനത്തിന്റെ മതിൽക്കെട്ടിനുള്ളിൽ അർദ്ധസഹോദരങ്ങൾ കളിച്ചു നടക്കുന്നത് അകലെനിന്നു നോക്കിക്കണ്ടുവളർന്ന ബാല്യം. അനാഥത്വത്തിന്റെ നിസ്സാഹയതയും, വേശ്യാപുത്രന്റെ ലജ്ജാഭാരവും തെരുവുജീവിതത്തിന്റെ കാഠിന്യവും എല്ലാം ഖനീഭവിച്ചുനിന്ന ഒരു ബാല്യവും കൗമാരവും. യൗവ്വനാരംഭത്തോടെ കാര്യങ്ങൾ കൂടുതൽ മോശമായി. പിതാവിന്റെ സ്വത്തിനു അവകാശം പറഞ്ഞുവരുമോ എന്നു ഭയന്ന് അർദ്ധസഹോദരങ്ങൾ എല്ലാവരും ചേർന്ന് യിപ്താഹിനെ നാട്ടിൽനിന്ന് ഓടിച്ചു. ഏകദേശം 1200 മൈൽ അകലെയുള്ള യഹൂദേതരവർഗ്ഗം പാർത്തിരുന്ന തോബ് എന്ന സ്ഥലത്ത് ഒരു അഭയാർത്ഥിയായി ജീവിക്കാൻ തുടങ്ങി.

ഒരു വിദൂരനാട്ടിൽ പരദേശിയായി പാർക്കുന്ന ഒരു മനുഷ്യന്, തന്റെ നാടിനെക്കുറിച്ചുള്ള ഓർമ്മകൾ ഒളിമങ്ങാതെ മനസ്സിൽ നിറഞ്ഞുവരേണ്ടതാണ്. തിരികെ താൻ വരാൻപോകുന്നു എന്ന വാർത്ത കേൾക്കാൻ കൊതിയോടെയിരിക്കുന്ന ഗ്രാമത്തെക്കുറിച്ചുള്ള ചിന്ത ഒരു പ്രവാസിയുടെ മനസ്സിൽ നിത്യഹരിതഛായ വിരിച്ച് നില്ക്കേണ്ടതാണ്. പക്ഷേ, യിപ്താഹ് തിരിഞ്ഞു നോക്കുമ്പോൾ കാണുന്നതെന്താണ്?

ഗിലയാദുതെരുവുകളിലെ പൂഴിയിൽ പുതഞ്ഞുപോയ അവന്റെ വികൃതരൂപമാണ് അവൻ കാണുന്നത്. കടന്നുപോകുന്ന ഓരോ മുഖവും അവൻ സൂക്ഷിച്ചു നോക്കി. തന്നെ അറിയുന്ന, തനിക്കറിയാവുന്ന ഒരു മുഖം പോലും അവിടെ കണ്ടില്ല, അത്രത്തോളം താൻ ഒറ്റപ്പെട്ടവനായിരുന്നു. പിതാവിന്റെ സ്നേഹമസൃണമായ ഒരു വിളി,

വാത്സല്യം തുളുമ്പുന്ന ഒരു തലോടൽ, ഹൃദയം തണുക്കുന്ന ഒരു ആശ്വാസവാക്ക്-എല്ലാം അവൻ ആഗ്രഹിച്ചിരുന്നു. ഒന്നും ലഭിച്ചില്ല. ആദ്യമായി ലഭിച്ച അമ്മയുടെ സ്നേഹമുദ്രയിൽ തെരുവിന്റെ ചെളി പുരണ്ടിരുന്നു. അവഗണനയും പരിഹാസവും ഏറ്റ് ശിലപോലെ നിർവ്വികാരമായ ഹൃദയത്തോടെ അവൻ കൗമാരത്തിലേക്കു കടന്നു. സ്വപ്നങ്ങൾ ചിറകുവിരിയ്ക്കാൻ തുടങ്ങുന്ന കൗമാരം. പക്ഷേ സ്വപ്നങ്ങളുടെ മഴവില്ലഴകിനു പകരം ഭൂതകാലത്തിന്റെ പേടിപ്പെടുത്തുന്ന കോലങ്ങളാണ് ഉയർന്നുവന്നത്. ആ നിലയിൽ യിപ്താഹ് ഇന്നത്തെ യുവാക്കളെ കാണുന്നു എന്ന് കരുതുക. സ്വന്തം കഥ തീർച്ചയായും പറഞ്ഞുകേൾപ്പിക്കും. എന്നിട്ട് ചോദിക്കും. “ഇങ്ങനെ ഒരു അവസ്ഥ നിങ്ങൾക്കായിരുന്നെങ്കിൽ, നിങ്ങൾ എന്തുചെയ്യുമായിരുന്നു.?”

ഇക്കാലത്തെ യുവാക്കൾ ഈ ചോദ്യത്തിന് പലതരത്തിൽ മറുപടി പറഞ്ഞേക്കാം. ഏറ്റവും ആദ്യത്തെ സാദ്ധ്യത, അയാൾ അന്തർമുഖൻ ആയിതീരുക എന്നതാണ്. ദീർഘകാലത്തെ അന്തർമുഖത്വം, ക്രമേണ അയാളെ ഒരു വിഷാദരോഗിയാക്കി മാറ്റും. അവസാനം വിവിധ ഘട്ടങ്ങൾ കടന്ന് ആത്മഹത്യയിൽക്കൂടി സ്വയം മോചനം നേടും.

മറ്റൊരു സാദ്ധ്യത, മാനുഷിക ഭാവങ്ങൾ ഒന്നും അറിയാത്ത അയാൾ ഒരു പ്രതികാരമോഹി ആയി മാറുക എന്നതാണ്. പിതാവിന്റെ കുടുംബക്കാരോടു തോന്നിത്തുടങ്ങുന്ന ശത്രുത ക്രമേണ ചുറ്റിലും കാണുന്ന എന്തിലേക്കും, എല്ലാവരിലേക്കും വ്യാപിക്കുന്നു. അങ്ങനെ അയാൾ ഒരു സാമൂഹ്യദ്രോഹിയായി മാറുന്നു. എല്ലാ തരത്തിലുമുള്ള കുറ്റവാസനകൾ അയാളിൽ നിറയുന്നു. മറ്റൊരിടത്ത് ഈ ക്രമിനൽ സ്വഭാവം പ്രകടിപ്പിക്കാൻ കഴിയാതെ വരുമ്പോൾ അതു തന്നിലേക്കുതന്നെ തിരിയുന്നു. ഫലം, ഒരു പുതിയ മദ്യപാനി, ലഹരിയുടെ അടിമ, രംഗപ്രവേശം ചെയ്യുന്നു. ഈ പ്രതികാരമോഹത്തിന്റെയും ക്രിമിനൽ വാസനകളുടേയും പരിഷ്കരിച്ച രൂപമല്ലേ ഇന്ന് ആധുനിക സമൂഹമാദ്ധ്യമങ്ങൾ വഴി പ്രയോഗിക്കപ്പെടുന്നത്?

ഇവിടെയാണ് യിപ്താഹിന്റെ കഥ. ആധുനിക യുവാക്കൾക്കുള്ള മാതൃകയായി മാറുന്നത്. തന്നെ അവഗണിക്കുകയും ആക്ഷേപിക്കുകയും ഒറ്റപ്പെടുത്തുകയും ഓടിച്ചുകറ്റുകയും ചെയ്ത സമൂഹത്തോട് അവൻ പ്രതികാരം ചെയ്തത്, നിശ്ശബ്ദമായി, നിശ്ചയദാർഢ്യത്തോടെ കഠിനാദ്ധ്വാനം ചെയ്തുകൊണ്ടാണ്. ലഭിച്ച സാഹചര്യങ്ങളിൽ തളർന്നുപോയിരുന്നെങ്കിൽ, യിപ്താഹ് എന്ന പേര് യഹൂദചരിത്രത്തിൽ ഉണ്ടാകുമായിരുന്നില്ല.

ഈ ശൂന്യതയിൽ നിന്നാണ് യിപ്താഹ് തോബിൽ ജീവിതം ആരംഭിക്കുന്നത്. ലഭിക്കാതെ പോയ അവസരങ്ങളെക്കുറിച്ച് പരിഭവം പറയാൻ നില്കാതെ, നേടാനുള്ള ലക്ഷ്യങ്ങളിലേക്കു തുഴഞ്ഞ് അടുക്കാനുള്ളതാണ് ജീവിതം.

ക്രമേണ, യിപ്താഹ് തോബിലെ ഒരു കൃഷിക്കാരനായി മാറി. ഒരിക്കൽ, ഗിലയാദിൽ നിന്ന് ഒരു ദൂതൻ വന്ന് യിപ്താഹിന്റെ സഹായം ആവശ്യപ്പെട്ടു. അമ്മോന്യർ ഗിലയാദ് ആക്രമിക്കുവാൻ വന്നു. അവരെ നേരിടാൻ കഴിയുന്ന ഒരേ ഒരാൾ യിപ്താഹ് ആണെന്ന് ഗിലയാദ്യർക്കു മനസ്സിലായി. അങ്ങനെ തന്നെ ഓടിച്ചകറ്റിയ ജനം തന്നെ, ഇപ്പോൾ കൂട്ടിക്കൊണ്ടുപോകാൻ വന്നിരിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ, ഗിലയാദിൽ താൻ നേരിട്ട ജീവിതാനുഭവങ്ങളെക്കുറിച്ച് യിപ്താഹ് സൂചിപ്പിച്ചു. എങ്കിലും അവസാനം സ്വന്തനാടിന്റെ രക്ഷയ്ക്ക് വേണ്ടി ഇറങ്ങിത്തിരിച്ചു. ഒരു ഏറ്റുമുട്ടൽ ഒഴിവാക്കാൻ വേണ്ടി യിപ്താഹ് നടത്തിയ നയതന്ത്രനീക്കങ്ങളെല്ലാം പരാജയപ്പെട്ടു. അവസാനം അമ്മോന്യരുമായി യുദ്ധം തന്നെ വേണ്ടി വന്നു. യിപ്താഹ് ജയിച്ചു. സ്വാഭാവികമായി നേതൃസ്ഥാനത്തെത്തി. ന്യായാധിപതിയായി.

ഒരു തെരുവുബാലനിൽ നിന്ന് യിസ്രായേലിന്റെ ന്യായാധിപതിയായി യിപ്താഹിനെ ഉയർത്തിയ സ്വഭാവസവിശേഷതകൾ എന്തൊക്കെയായിരുന്നു?

ഏറ്റവും പ്രധാനം, ലഭിക്കാതെപോയ അവസരങ്ങൾ ഓർത്തു നിരാശനായില്ല എന്നതാണ്. അവസരങ്ങളും അനുകൂല സാഹചര്യങ്ങളും ലഭിച്ചിരുന്നെങ്കിൽ ഉന്നതങ്ങൾ കീഴടിക്കിയേനെ എന്നു ചിന്തിച്ച് ആത്മസംതൃപ്തി കണ്ടെത്താനാണ് നമ്മിൽ കൂടുതൽ പേരും ഇഷ്ടപ്പെടുന്നത്. ലഭിച്ച ഒരു താലന്ത് എന്തുചെയ്തു എന്നോ, സാഹചര്യങ്ങൾ അനുകൂലമാക്കാൻ ഏതെങ്കിലും തരത്തിൽ ശ്രമിച്ചാൽ കഴിയുമായിരുന്നില്ലേ എന്നോ ഒരിക്കലും നാം സ്വയം ചോദിക്കാറില്ല. ലഭിക്കാത്തതിനെപറ്റി പരിഭവിക്കുമ്പോൾ തന്നെ, ഇത്രയും ലഭിക്കാൻ താൻ അർഹനാണോ എന്നു കൂടി സ്വയം ചോദിക്കാൻ പഠിക്കണം. ഈ അടുത്ത കാലം വരെ ഉന്നതങ്ങളിൽ എത്തിയവരെല്ലാം തന്നെ, പ്രതികൂലതകളെ അതിജീവിച്ചു മുന്നേറിയവരാണ്. ശാരീരിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന പലരും, അത്ഭുതകരമെന്നു വിശേഷിപ്പിക്കാവുന്ന തരത്തിൽ, നേട്ടങ്ങൾ കൈവരിക്കുന്നതിനെക്കുറിച്ച് നമ്മൾ വായിക്കുന്നുണ്ട്. അത്തരം കുറവുകൾ ഒന്നുമില്ലാത്ത നമുക്ക് അവ

സരങ്ങൾ നിഷേധിക്കപ്പെട്ടു എന്നു പറയാൻ എന്താണവകാശം?

യിപ്താഹിന്റെ സ്വഭാവത്തിലെ മറ്റൊരു സവിശേഷത, മുമ്പു സൂചിപ്പിച്ചതു തന്നെയാണ്-പ്രതികാരമോഹമില്ലായ്മ. നിറവേറ്റപ്പെടാതെ പോകുന്ന പ്രതികാര മോഹം, മനുഷ്യനെ മാനസിക രോഗിയാക്കും. അമ്മയുടെ വാത്സല്യം കവർന്നെടുക്കാൻ വന്ന ഇളയകുട്ടിയോടു തോന്നുന്ന അസൂയയും അസഹിഷ്ണതയും മരണംവരെ മനുഷ്യനെ പിന്തുടരുന്നു, പല രൂപത്തിൽ, പല ഭാവത്തിൽ. പ്രതികാര മോഹം ആരംഭിക്കുന്നിടത്ത് സർഗ്ഗ പ്രതിഭ അവസാനിക്കുന്നു. യിപ്താഹിനെ ഭരിച്ചത് ഒടുങ്ങാത്ത പ്രതികാര മോഹമായിരുന്നെങ്കിൽ, അയാൾക്ക് ഒരിക്കലും പ്രവർത്തിക്കാനോ അതുവഴി ഉയരാനോ ന്യായാധിപസ്ഥാനത്ത് എത്തിച്ചേരാനോ കഴിയുമായിരുന്നില്ല. തന്നെ ക്ഷണിക്കാൻ വന്ന ഗിലയാദ്യരോട്, "നിങ്ങൾ എന്നെ പകച്ച് പിതൃഭവനത്തിൽ നിന്നു നീക്കിക്കളഞ്ഞില്ലയോ? ഇപ്പോൾ നിങ്ങൾ കഷ്ടത്തിലായ സമയം എന്റെ അടുക്കൽ എന്തിനുവരുന്നോ" എന്നു ചോദിക്കുന്നുണ്ട്. പ്രതികാരബുദ്ധിയോടെ അവരെ കുത്തിനോവിക്കാനുള്ള ഒരു ചോദ്യമായിരുന്നില്ല അത്. തന്റെ കുടുംബപാരമ്പര്യത്തെയും, ഇപ്പോഴത്തെ അവസ്ഥയേയും അതിന്റെ കാരണത്തേയും കുറിച്ച് അവരെ ഓർമ്മപ്പെടുത്താനായിരുന്നു. കർത്താവ് ശമരക്കാരി സ്ത്രീയോടു പറഞ്ഞ "അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിട്ടുണ്ട്. ഇപ്പോഴുള്ളവനോ നിന്റെ ഭർത്താവല്ല" എന്ന സ്നേഹത്തിൽ പൊതിഞ്ഞ ഓർമ്മപ്പെടുത്തൽ പോലെ.

നാം ശ്രദ്ധിക്കേണ്ട മറ്റൊരു സവിശേഷത, യിപ്താഹിന്റെ ദൈവഭക്തിയാണ് ജീവിതത്തിൽ ഒരിക്കലും നന്മയുടെയും ദൈവഭയത്തിന്റെയും മാതൃകകൾ ലഭിച്ചിട്ടില്ലാത്ത ഒരാളാണ് യിപ്താഹ്. അന്ധമായ, അനിയന്ത്രിതമായ മൃഗതൃഷ്ണകൾക്ക് അടിമയായ പിതാവ്, ജീവിക്കാൻ വേണ്ടി വിലപ്പെട്ടതെന്തും തെരുവിൽ ഹോമിക്കാൻ സന്നദ്ധയായ മാതാവ്, ആർക്കും എന്തുംചെയ്യാൻ സ്വാതന്ത്ര്യമുള്ള തെരുവിലെ ജീവിതം-ഇതെല്ലാമാണ് കാണാൻ കഴിഞ്ഞ മാതൃകകൾ. ഇന്നു ജീവിക്കുന്നത് അവിശ്വാസികളുടെ നാട്ടിൽ. കൂട്ടുകാരാകട്ടെ, "നിസ്സാരന്മാരായ ചിലർ" (Vain new-Authorised Edition) ഇതെല്ലാമാണെങ്കിലും യിപ്താഹ് യഹോവയോടടുത്ത ബന്ധം അഭംഗം നിലനിറുത്തി. മിസ്പയിൽ വച്ച് യഹോവയുടെ സന്നിധിയിൽ അപേക്ഷിച്ച് അനുവാദം വാങ്ങിയാണ് അയാൾ യുദ്ധത്തിനു പുറപ്പെടുന്നത്.

ഇത് ആധുനിക യുവാക്കൾക്ക് ഒരു വെല്ലുവിളിയാണ്. സ്വന്തം നാടും വീടും വിട്ട് ഉപജീവനമാർഗ്ഗം തേടി അന്യനാട്ടിൽ പോയി ജീവിക്കേണ്ടി വരുമ്പോൾ യിപ്താഹ് കാണിച്ചുതന്ന മാതൃക മനസ്സിൽ നില്ക്കുമോ? ഭക്തി, ഒരു വില്പന ചരക്കാക്കി വിവിധ പന്തലുകളിൽ യജ്ഞങ്ങൾ നടത്തുമ്പോൾ ദൈവവുമായുള്ള വൈയക്തിബന്ധമാണ് ഭക്തിയുടെ ആധാരശില എന്ന സത്യം മുറുകെ പിടിക്കാൻ കഴിയുമോ? പല ലേബലുകളും നെറ്റിയിൽ പതിച്ച് പലതും ചെയ്യാൻ നിർബന്ധിക്കപ്പെടുമ്പോൾ കാലിടറാതെ നില്ക്കാൻ കഴിയുമോ? വാണിജ്യവൽക്കരിക്കപ്പെടുന്ന കപടഭക്തി ഒരുക്കിവയ്ക്കുന്ന തീച്ചൂളയിലും സിംഹക്കുഴിയിലും യഥാർത്ഥ ദൈവഭക്തിയുടെ ഉറവുകൾ പ്രവഹിക്കുമോ?

ഒരു കാര്യവും കൂടി സൂചിപ്പിക്കാതെ ഈ ചിന്ത അവസാനിപ്പിക്കാൻ കഴിയില്ല. എന്തു വലിയ നഷ്ടം സഹിച്ചിട്ടായാലും ദൈവമുമ്പാകെ എടുത്ത പ്രതിജ്ഞ നിറവേറ്റാൻ യിപ്താഹ് സന്നദ്ധനായി. എടുത്ത പ്രതിജ്ഞ ശരിയായിരുന്നോ എന്ന കാര്യത്തിൽ രണ്ടു പക്ഷം ഉണ്ടാകാം. പക്ഷേ, അതിന്റെ യുക്തിയെ ഇന്നത്തെ ശാസ്ത്രബോധത്തിന്റെയും യുക്തിചിന്തയുടേയും വെളിച്ചത്തിലല്ല വിലയിരുത്തേണ്ടത്. ക്രിസ്തു ജനിക്കുന്നതിനും ആയിരം വർഷം മുമ്പു നിലിവിലുണ്ടായിരുന്ന ആചാരാനുഷ്ഠനങ്ങളുടെ വെളിച്ചത്തിലാണ് എടുത്ത പ്രതിജ്ഞയുടെ ശരിതെറ്റുകൾ അപഗ്രഥിക്കുന്നതിനേക്കാൾ പ്രധാനം നമ്മെ സംബന്ധിച്ചിടത്തോളം യിപ്താഹ് അത് നിറവേറ്റി എന്നതാണ്. വേണ്ടത്ര ചിന്തിക്കാതെ എടുത്ത തീരുമാനം, മറ്റാർക്കും അറിഞ്ഞുകൂടാത്ത പ്രതിജ്ഞ- വേണമെങ്കിൽ പിന്മാറാൻ പല ന്യായങ്ങളും ഉണ്ടായിരുന്നു. വാക്കുപാലിക്കുമ്പോൾ, നഷ്ടപ്പെടുന്നത് തന്റെ ഒരേ ഒരു മകൾ ആണെന്ന സത്യം ഓർത്തുകൊണ്ടു തന്നെ യിപ്താഹ് വാക്കുപാലിക്കുകയാണ്. ലാഭനഷ്ടങ്ങൾ പരിഗണിക്കാതെ ദൈവമുമ്പാകെയും മനുഷ്യമുമ്പാകെയും നല്കിയ വാക്കുകൾ നിങ്ങൾക്കു പാലിക്കാൻ കഴിയുമോ?-യിപ്താഹ് യുവാക്കളോടു ചോദിക്കുന്നു. ഉത്തരം സ്വന്തം മനസ്സാക്ഷിയോടു പറയുക.

വിശദമായി പ്രതിപാദിക്കേണ്ട കുറച്ചു കാര്യങ്ങളാണ് മുകളിൽക്കുറിച്ചത്. ഇനിയും ഇതു ദീർഘിപ്പിക്കുന്നത് ശരിയല്ല എന്നു തോന്നുന്നു. ഇവിടെ നിർത്തുകയാണ്.


**ബുള്ളറ്റിൻ**
**വരിസംഖ്യ നിരക്ക്**

1 വർഷത്തേക്ക് - 100 രൂ.

ആയുഷ്ക്കാലം - 1000 രൂ.

വിദേശത്ത് - 6000 രൂ.
(100 ഡോളർ)

വേദവിചാരം

# യേശു നല്ല ഇടയൻ: ഇടയന്മാർക്ക് മാതൃകയും

വേദഭാഗം: വി. യോഹ. 10:11

ഡോ: തോമസ് അത്താനാസ്യോസ്

യേശു തന്നേപ്പറ്റി വൈവിധ്യമാർന്ന രൂപകങ്ങൾ ഉപയോഗിക്കുന്നതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ഓരോന്നും മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമാണ്. യേശു പറയുന്നു, ഞാൻ വെളിച്ചമാകുന്നു, ഇടയനാകുന്നു. ജീവജലത്തിന്റെ ഉറവയാകുന്നു, മുന്തിരിവള്ളിയാകുന്നു, വാതിലാകുന്നു എന്നെല്ലാം. വിശ്വാസികളും ലോകവുമായുള്ള തന്റെ ബന്ധം, തന്റെ ദൗത്യം, നിയോഗം ഇവയെല്ലാം വിശദീകരിക്കുവാനാണ് യേശു ഇവ ഉപയോഗപ്പെടുത്തുന്നത്. പ്രത്യേക സാഹചര്യത്തിലാണ് ഇവ ഓരോന്നും യേശു പ്രയോഗിക്കുന്നത്. കർത്താവിന്റെ വ്യക്തിത്വം, ദൗത്യം, നിയോഗം എന്നിവയൊക്കെ മനസ്സിലാക്കുന്നതിന് ഈ രൂപകങ്ങൾ പ്രധാനമാണ്. എന്നാൽ അവ ഉപയോഗിക്കപ്പെട്ട സന്ദർഭത്തിൽ നിന്നും പശ്ചാത്തലത്തിൽ നിന്നും അടർത്തിമാറ്റി അവയെ വ്യാഖ്യാനിക്കാനാവില്ല. ഇവയെല്ലാം തന്നെ യേശുവിന്റെ ശുശ്രൂഷയുമായി ബന്ധപ്പെട്ട പ്രാവർത്തിക നാമങ്ങൾ (functional titles) ആണ്. ഉദാഹരണത്തിന് യേശു താൻ വാതിലാകുന്നു എന്നു പറയുമ്പോൾ താൻ പരമമായതിലേക്ക് നയിക്കുന്ന മാർഗ്ഗത്തിലെ പ്രവേശനദ്വാരമാണെന്നാണ് സൂചന. സത്യത്തിൽ എത്തിച്ചേരണമെങ്കിൽ തന്നിലൂടെ ആകണം യാത്ര എന്നു സാരം. യേശു ഇടയനാണ് എന്നു പറയുമ്പോൾ അത് വിശ്വാസിയും യേശുവുമായുള്ള ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. ഇടയൻ എന്ന പദം മധ്യപൂർവ്വദേശങ്ങളിൽ രാജാവിനെക്കുറിക്കാൻ അലങ്കാരിക സംജ്ഞയായി പ്രയോഗിച്ചിരുന്നു. പഴയ നിയമത്തിൽ പുരോഹിതന്മാരെ പരാമർശിക്കാനും ഈ വാക്കുപയോഗിച്ചിരുന്നതായി കാണുന്നുണ്ട്. പുതിയ നിയമ ലേഖനങ്ങളിൽ സഭാനേതാക്കളെ കുറിക്കുവാനും ഈ ശബ്ദം പ്രയോഗിക്കുന്നുണ്ട്. യേശു ഈ പദപ്രയോഗം നടത്തുന്നത് ആടുകളുടെ മേലുള്ള ഇടയന്റെ ആധിപത്യവും അധികാരവും സൂചിപ്പിക്കുവാനല്ല; അടുത്ത ബന്ധവും പാരസ്പരതയും വെളിവാക്കുവാനാണ്. അവൻ ആടുകളെ വിളിക്കുന്നു. അവനെ അവ അറിയുന്നു. അവനെ പിന്തുടരുന്നു(വി. യോഹ. 10:3) അവർ പരസ്പരം അറിയുന്നു. ആ ബന്ധം അന്യോന്യമുള്ള അറിവിലൂടെ രൂപപ്പെടുകയും നിലനിൽക്കുകയും ബലപ്പെടുകയും ചെയ്യുന്നു. അധികാര ഘടനയുടെ പിൻബലമുള്ള ബന്ധമല്ല ഇത്. മുൻകാല അടുപ്പത്തിലൂടെ ഉരുത്തിരിഞ്ഞ ഒരു സൗഹൃദമാണ് ആടും ഇടയനും-അതായത് വിശ്വാസി സമൂഹവും കർത്താവും-തമ്മിലുള്ളത്. ആഴമായ ജീവിതാനുഭവങ്ങളിലൂടെ സൃഷ്ടിക്കപ്പെട്ട ഒരു കൂട്ടായ്മയാണ്ത്. യോഹന്നാന്റെ സുവിശേഷത്തിൽ വ്യക്തിയെ സത്യത്തിലേക്കും രക്ഷയിലേക്കും നയിക്കുന്ന തിരിച്ചറിവിന്റെ ബന്ധമാണിത് എന്നു വ്യക്തമാക്കുന്നുണ്ട്. സത്യത്തിന്റെ തിരിച്ചറിവാണ് രക്ഷയുടേയും വിമോചനത്തിന്റെയും അടിസ്ഥാനമെന്നത്. ഇടയൻ-ആട് കൂട്ടായമയിലൂടെ ആടിന്റെ രക്ഷയാണ് ഇവിടെ സൂചകം.

ഈ പരസ്പര ബന്ധത്തിലൂടെ തങ്ങൾ ഇടയന്റേതാണ് എന്നും ഇടയൻ തങ്ങളുടേതാണ് എന്നുമുള്ള തോന്നൽ വിശ്വാസികൾക്ക് വിശ്വാസവും അനുഭവവുമായി ദൃഢപ്പെടുന്നു. ഈ അനുഭവമാണ് ഈ ബന്ധത്തിന്റെ സവിശേഷത. ഇവിടെ ഉടമസ്ഥതയും അധികാരവും വിഷയമല്ല. മാതാപിതാക്കളും മക്കളും തമ്മിൽ, ഭർത്താവും ഭാര്യയും തമ്മിൽ ഉള്ള ഒരു ആഴമായ സംസർഗ്ഗമാണ് ഇവിടെ ക്രിസ്തുവും ശിഷ്യ സമൂഹവുമായുള്ള ബന്ധത്തിന്റെ വിശദീകരണത്തിൽ ഉപയോഗപ്പെടുന്നത്. ഈ ബന്ധത്തിൽ വ്യക്തി-രക്തബന്ധങ്ങളൊ, സംഘബോധമോ, സ്വാതന്ത്ര്യമോ നഷ്ടപ്പെടുന്നില്ല. അവയെല്ലാം നിലനിർത്തിക്കൊണ്ടുള്ള പരസ്പരാനുഭവമാണ്. ആടുകൾ ഇടയനെ ശബ്ദം കൊണ്ടു തിരിച്ചറിയുന്നു. അവന്റെ രൂപം നോക്കിയല്ല. അവന്റെ ശബ്ദം കേട്ടാണ് അവനെ പിൻഗമിക്കുന്നത്. (യോഹ. 10: 45) നാമരൂപങ്ങൾ തെറ്റിദ്ധരിപ്പിക്കാം. പേരും ഛായയും നോക്കി ഇടയനെ തെരഞ്ഞാൽ ആടുകൾക്ക് തെറ്റുപറ്റിയെന്നു വരാം. എന്നാൽ ഇടയന്റെ ശബ്ദം അവൻ യാഥാർത്ഥ ഇടയനോ, കപടനോ എന്ന് ആടുകൾക്ക് വ്യക്തമാക്കുന്നു. അവ ശ്രദ്ധിക്കുന്ന-ശ്രദ്ധിക്കേണ്ട-കാര്യമാണിത്. ശബ്ദവും പ്രവൃത്തികളും മൂലമാണ് ഇടയനെ തിരിച്ചറിയേണ്ടത്. വേഷരൂപങ്ങളിൽ സാദൃശ്യമുള്ള ഇടയന്മാർ ആടുകൾക്കു ചുറ്റുമുള്ളപ്പോൾ അവരുടെ ശബ്ദം സൂക്ഷ്മമായി തിരിച്ചറിഞ്ഞേ പിന്തുടരാവു. അല്ലെങ്കിൽ അപകടമാണ്.

അതുപോലെ ഇടയന്റെ ശബ്ദം വലിയ ഇടയന്റെ ശബ്ദമാണ് പ്രതിനിധീകരിക്കുന്നതെന്നും ആടുകൾ ശ്രദ്ധിക്കേണ്ടതുണ്ട്. അതിന് ആവശ്യം ക്രിസ്തുബന്ധമാണ്. അതായത് രൂപത്തിലും വേഷത്തിലുമെല്ലാം സമാനതയുള്ള സഭാനേതാക്കൾ ചുറ്റും തൊള്ള തുറക്കുമ്പോൾ ക്രിസ്തു ശബ്ദവും ക്രിസ്തു സ്വഭാവവുമാണോ അവരിലൂടെ പ്രകടമാകുന്നതെന്ന് വിശ്വാസിസമൂഹം വിവേകപൂർവ്വം വിലയിരുത്തി മാത്രം അവരെ അനുഗമിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യേണ്ടതാണ്. ദൈവസ്വരവും ഹിതവും പ്രതിദ്ധ്വനിപ്പിക്കാത്ത നേതാക്കളെ പിന്തുടരുന്നത് ആത്മഹത്യാപരമെന്നറിയുക. ഇടയന്റെ തനിമയും ആധികാരികതയും തിരച്ചറിയാതെയുള്ള അനുധാവനം ആടുകൾ ഒഴിവാക്കണം. അത് സാധിക്കണമെങ്കിൽ നല്ല ഇടയനുമായുള്ള നിരന്തരമായ കൂട്ടായ്മയിലും അനുകരണത്തിലും ജീവിക്കേണ്ടതുണ്ട്.

ഇവിടെ ഇടയ-ഇടയത്ത സങ്കല്പങ്ങൾ ക്രസ്തുവിൽ പുനർജനിക്കുകയാണ്. സ്വന്തം ജീവനെ നൽകുവാനായി ആടുകളെ വളർത്തുന്ന അജപാലകനാണ് ക്രിസ്തു. സ്വന്തം ജീവനെ ആടിനു വേണ്ടി സ്വയം അപകടപ്പെടുത്തുമ്പോൾ ഇടയത്തത്തിന് പുതിയ അർത്ഥ സൂചന വന്നു ചേരുന്നു. ഈ സ്വഭാവം ക്രിസ്തുവിന് വേണ്ടി എന്ന പേരിൽ ഇടയത്ത ശുശ്രൂഷ നടത്തുന്നവർക്കുണ്ടോ എന്നത് ആടുകളുടെ അന്വേഷണ വിഷയമാകേണ്ടതാണ്. കുരിശും ത്യാഗവും യഥാർത്ഥത്തിൽ ഇടയത്ത ശുശ്രൂഷയുടെ ഭാഗമായി മനസ്സിലാക്കേണ്ടതുണ്ട്. ഈ കേന്ദ്രചിന്തയാണ് ഇയന്മാരിൽ നഷ്ടപ്പെട്ടുപോയിരിക്കുന്നത്. ആടുകളുടെ ഇടയ സങ്കല്പത്തിനും മാറ്റം വരണം. ഇടയന്മാരുടെ ആർഭാട-സ്വാർത്ഥ-സുഖലോലുപ ജീവിതത്തിലും ആധിപത്യസമീപനത്തിലും ആടുകൾ ആഹ്ലാദിക്കുകയും അഭിമാനം കൊള്ളുകയും ചെയ്യുന്ന പ്രവണത ഇന്നു കാണുന്നുണ്ട് എന്നതാണ് ദുഃഖകരം.

ആടുകളെ കൂട്ടിച്ചേർക്കുന്നവനായിട്ടാണ് വേദപുസ്തകം ഇടയനെ അവതരിപ്പിക്കുന്നത്. സ്വന്തം ആട്ടിൻപറ്റത്തിൽ നിന്ന് ആടുകൾ നഷ്ടപ്പെടുന്നതും വിട്ടകലുന്നതും, ആക്രമണ വിധേയമാകുന്നതും, പറ്റം ശിഥിലമാകുന്നതും, ഭിന്നതയിൽ നിലനിൽക്കുന്നതുമെല്ലാം ഇടയന് സഹിക്കാവുന്നതല്ല. നൂറാടുകളിൽ ഒന്നിനെ കാണാതായാൽ മറ്റു 99-ന്റെയും സംരക്ഷണം ദൈവത്തിൽ സമർപ്പിച്ച്, നഷ്ടപ്പെട്ടതിനെ കണ്ടെത്തി, പറ്റത്തിൽ തിരികെ എത്തിച്ചു സന്തോഷിക്കുന്നവനാണ് നല്ല ഇടയൻ. ആടുകളിൽ ഭിന്നതയുണ്ടാകുന്നതും, അതു നിലനിർത്തുന്നതും അനാഥമാക്കുന്നതൊന്നും നല്ല അജപാലകന് ചേർന്നതല്ല. ക്രിസ്തു തന്റെ ശരീരത്താൽ ഭിന്നതയുടെ നടുച്ചുവർ ഇടിച്ചുനിരത്തിയ ഇടയനാണ്. ഇടയൻ ഐക്യത്തിന്റെ പ്രതീകമാണ്. ഈ ഇടയ ധർമ്മത്തെക്കുറിച്ചുള്ള പരാമർശം ഇസക്കിയേലിന്റെ പ്രവാചകപുസ്തകത്തിലും കാണുന്നുണ്ട്. (ഇസ. 37:15-17, 21) യഹൂദയും യിസ്രായേലും ഇടയന്റെ ശുശ്രൂഷയിൽ ഐക്യപ്പെടുന്നതാണ് ഇവിടത്തെ പ്രമേയം.

ഇടയൻ മേയിക്കുന്നവൻ ആണെന്ന ചിന്ത സൃഷ്ടിക്കുവാൻ സഭാനേതാക്കൾ എപ്പോഴും ഉത്സുകരാണ്. ഇടയൻ കൂട്ടിൽ നിന്ന് ആടുകളെ പേർ ചൊല്ലി വിളിച്ച് പുറത്തുവരുത്തി ഭക്ഷണത്തിനും ദാഹജലത്തിനുമായി കൊണ്ടുപോകുന്നവനാണ്. ഭരിക്കുക എന്നതിനല്ല, ഭക്ഷണവും ജലവും നല്കി സംരക്ഷിക്കുക എന്ന ആശയത്തിനാണ് മേയിക്കുക എന്ന വാക്കിൽ പ്രാധാന്യം. അതായത് മേൽനോട്ടത്തേക്കാൾ ശുശ്രൂഷയാണ് മേയിക്കലിൽ മുന്നിട്ടുനില്ക്കുന്ന അംശം. ഉത്ഥിതനായ ക്രിസ്തു തീബേറിയോസ് കടൽത്തീരത്തുവച്ച് പത്രോസിനോട് ആജ്ഞാപിക്കുന്നതും ഭരിക്കുവാനല്ല തീറ്റിപ്പോറ്റുവാൻ (feed) ആണ്. ഇടയനെ ഇടയനാക്കുന്നത് അധികാരവും നിയന്ത്രണശേഷിയുമല്ല; കരുതലും സംരക്ഷണഭാവവുമാണ്. കർത്താവിനു വേണ്ടി ഇടയ ശുശ്രൂഷ നടത്തുന്നവർ മനസ്സിരുത്തേണ്ട കാര്യമാണിത്. 23-ാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ പച്ചപ്പുൽപ്പരപ്പിലേക്കും സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്കും തന്റെ ആടുകളെ എത്തിക്കുകയാണ് ഇടയന്റെ പ്രഥമ കർത്തവ്യം. പിതാക്കന്മാർ പുല്ലും, വെള്ളവും എന്നതിന് തിരുവചനത്തിന്റെ സമൃദ്ധി എന്ന വ്യാഖ്യാനവും നൽകുന്നുണ്ട്. ദൈവവചനത്തിനായുള്ള വിശപ്പും ദാഹവുമില്ലാത്ത ആട്ടിൻ പറ്റവും ഭൗതികതയിലും സുഖലോലുപതയിലും സംതൃപ്തി തേടുന്ന അജപാലകവൃന്ദവും ക്രിസ്തു എന്ന നല്ല ഇടയനെ തമസ്കരിച്ച് വിസ്മൃതിയിലെത്തിക്കുന്ന മട്ടാണ്. ഇടയൻ സത്യത്തിൽ ക്രിസ്തുവിന്റെ പ്രതിരൂപം ആകുവാനായി നിയോഗിതനാണ്. യേശു എന്ന സാക്ഷാൽ ഇടയനുമായി താരതമ്യപ്പെടുത്തിയാൽ ഇന്നത്തെ ഇടയന്മാർ എവിടെ നില്ക്കുന്നു എന്നും അവർ എവിടേയ്ക്കാണ് തങ്ങളുടെ ആടുകളെ നയിക്കുന്നതെന്നും ആടുകൾ തിരിച്ചറിയേണ്ടതുണ്ട്. ഈ അവസ്ഥ വന്നാലേ ഇടയന്മാരിൽ എന്തെങ്കിലും മാറ്റമുണ്ടാവുകയുള്ളൂ. □

ലേഖനം

# പൗരാണികവും സ്വതന്ത്രവുമായ കാതോലിക്കാസ്ഥാനം

ഫാ. ഡോ. എം.ഒ. ജോൺ

**ആമുഖം**

ആദിമസഭാചരിത്രത്തിൽ പാത്രിയർക്കാസ്ഥാനത്തോളം പൗരാണികവും പാത്രിയർക്കീസ്, മാർപ്പാപ്പാ തുടങ്ങിയ സ്ഥാനങ്ങൾ പോലെതന്നെ പരിപൂർണ്ണ സ്വതന്ത്രവും അധികാരാവകാശങ്ങളോടു കൂടിയതുമാണ് കാതോലിക്കാസ്ഥാനം. പുരാതന അപ്പോസ്തോലിക സഭകളിൽ ആത്മീയ അധികാര കേന്ദ്രങ്ങളുടെ സ്വതന്ത്രമായ വളർച്ചയുടെ പരിണതഫലമാണ് പാപ്പാ, പാത്രിയർക്കീസ്, കാതോലിക്കാ തുടങ്ങി സ്ഥാനങ്ങൾ. വ്യത്യസ്ത സഭകളിൽ വ്യത്യസ്ത കാലങ്ങളിലും വിഭിന്നങ്ങളായ ചരിത്രപശ്ചാത്തലത്തിലും ഈ വക സ്ഥാനങ്ങൾ ഉരുത്തിരിഞ്ഞുവന്നു.

മലങ്കരസഭയിലും ആ വളർച്ചയുടെ പൂർണത ഒരു പ്രത്യേക ചരിത്രപശ്ചാത്തലത്തിൽ 1912-ൽ സംഭവിച്ചു. 1912-ൽ നടന്നത് മലങ്കരയിൽ കാതോലിക്കാ സ്ഥാപനമായിരുന്നുവെന്നും പുനഃസ്ഥാപനമായിരുന്നുവെന്നുമൊക്കെയുള്ള വ്യത്യസ്ത അഭിപ്രായങ്ങളും വ്യാഖ്യാനങ്ങളും നിലവിലുള്ളകാര്യം വിസ്മരിക്കുന്നില്ല.

**പൗരോഹിത്യ സ്ഥാനങ്ങളുടെ വളർച്ച**

ആദിമസഭയുടെ പൗരോഹിത്യസ്ഥാനങ്ങളെക്കുറിച്ച് അപ്പോസ്തല പ്രവൃത്തികളിലും ശ്ലീഹന്മാരുടെ ലേഖനങ്ങളിലും അക്കാലഘട്ടത്തിലോ അതിനു തൊട്ടുപിന്നിലുള്ള കാലഘട്ടങ്ങളിലോ രചിച്ചിട്ടുള്ള വ്യത്യസ്ത രചനകളിലും കാണാൻ സാധിക്കും.

അപ്പോസ്തലന്മാർ ഓരോ പ്രദേശത്തും സഭ സ്ഥാപിച്ചപ്പോൾ യോഗ്യരായ ആളുകളെ ആ സഭയിലെ മൂപ്പന്മാരായും കശ്ശീശന്മാരായും നിയമിച്ചു (പത്രോ. 1:5). അപ്പോസ്തലന്മാരുടെ പിൻഗാമികളായി മൂപ്പന്മാരും കശ്ശീശന്മാരും എപ്പിസ്കോപ്പാമാരും പ്രവർത്തിച്ചു (1 തിമോ. 1:1, 2:1, 4:14, 4:17). കുറേക്കാലം കഴിഞ്ഞപ്പോൾ അപ്പോസ്തലന്മാർ നിയമിച്ചവർ അവരുടെ പിൻഗാമികളെയും നിയമിച്ചു (2 തിമോ. 2:2).

അന്ത്യോഖ്യായിലെ ഇഗ്നാത്തിയോസ്, റോമിലെ ക്ലീമീസ്, തീമോത്തിയോസ്, തീത്തോസ് തുടങ്ങിയവർ അപ്പോസ്തലന്മാരുടെ പിൻഗാമികളായി തെരഞ്ഞെടുക്കപ്പെട്ട് നിയമിക്കപ്പെട്ടവരാണ്.

മൂപ്പൻ, കശ്ശീശാ, എപ്പിസ്കോപ്പ എന്ന മൂന്ന് സ്ഥാനങ്ങളും വ്യത്യസ്ത സാഹചര്യങ്ങളിൽ പുരോഹിതന്മാരെയും ബിഷപ്പുമാരെയും സൂചിപ്പിക്കാൻ ഉപയോഗിച്ചിട്ടുണ്ട് (അപ്പോ. പ്ര. 15:6, 20:17, തീത്തൂസ് 1:5, 1 തിമോ 4:14, യാക്കോ. 5:14, 1. പത്രോ. 5:1). ഈ സ്ഥാനങ്ങൾ രണ്ടോ മൂന്നോ വ്യത്യസ്ത സ്ഥാനങ്ങളായി അക്കാലത്ത് വേർതിരിക്കുകയും മനസ്സിലാക്കുകയും ചെയ്തിരുന്നില്ല. കശ്ശീശായെ എപ്പിസ്കോപ്പാ എന്നും മൂപ്പൻ എന്നും മൂപ്പനെ കശ്ശീശാ എന്നു തിരിച്ചും പല അവസരങ്ങളിലും വിളിച്ചിട്ടുണ്ട്. എപ്പിസ്കോപ്പാ (അഥവാ കശ്ശീശാ) ശെമ്മാശൻ എന്നീ രണ്ട് സ്ഥാനങ്ങളായിരുന്നു അപ്പോസ്തോല പ്രവൃത്തികളുടെ കാലത്തെ പൗരോഹിത്യ ശ്രേണിയിൽ പ്രധാനമായി ഉണ്ടായിരുന്നത്.

റോമിലെ ക്ലീമീസ്, അന്ത്യോഖ്യായിലെ ഇഗ്നാത്തിയോസ് തുടങ്ങിയവരുടെ എഴുത്തുകളനുസരിച്ച് എല്ലാ ആദിമസഭകളിലും ഈ മൂന്ന് സ്ഥാനങ്ങളും ഉണ്ടായിരുന്നു. 1-ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ശെമ്മാശൻ, കശ്ശീശാ, എപ്പിസ്കോപ്പാ എന്നീ മൂന്ന് പൗരോഹിത്യസ്ഥാനങ്ങൾ വ്യക്തമായി കാണാം.

**ഭദ്രാസന ബിഷപ്പ്**

ക്രൈസ്തവസഭയുടെ ആരംഭത്തിൽ റോമാസാമ്രാജ്യത്തിലെ പ്രധാന പട്ടണങ്ങളിലാണ് സുവിശേഷം അറിയിക്കപ്പെട്ടത്. അവിടെ ഇടവകകളും പിൽക്കാലത്ത് പള്ളികളും സ്ഥാപിതമായി. പട്ടണങ്ങളിൽ നിന്ന് ഓരോ പട്ടണത്തിനും ചുറ്റുമുള്ള പ്രദേശങ്ങളിലേക്ക് സുവിശേഷം അറിയിക്കുവാൻ ആളുകൾ പോയി. അവർ പോയത് പട്ടണത്തിലെ എപ്പിസ്കോപ്പായുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ്. ഓരോ പട്ടണത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ ഇടവകകൾ സ്ഥാപിക്കപ്പെട്ടപ്പോൾ അവയും പട്ടണത്തിലെ എപ്പിസ്കോപ്പായുടെ നിയന്ത്രണത്തിൽ തന്നെ സ്ഥിതി ചെയ്തു. പിൽക്കാലത്ത് അത് എപ്പിസ്കോപ്പായുടെ കീഴിലുള്ള ഒരു ഭദ്രാസനമായി.

വേറൊരു തരത്തിൽ പറഞ്ഞാൽ ഭദ്രാസനത്തിലെ പ്രധാന പട്ടണത്തിലെയോ പള്ളിയിലെയോ എപ്പിസ്കോപ്പ ഭദ്രാസന എപ്പിസ്കോപ്പ ആവുകയും ഭദ്രാസനത്തിലെ പള്ളികളെല്ലാം അദ്ദേഹത്തിന്റെ കീഴിലാവുകയും ചെയ്തു. കുസ്തന്തിനോസ് രാജാവിന്റെ കാലത്തിനുമുമ്പ് ക്രിസ്ത്യാനികൾ

പീഡിപ്പിക്കപ്പെട്ടിരുന്നതിനാൽ സഭയുടെ ഭദ്രാസനങ്ങൾ ശരിയായി സംഘടിപ്പിക്കുവാനോ ഭംഗിയായി കേന്ദ്രീകൃത ഭരണക്രമീകരണങ്ങൾ ചെയ്യുവാനോ സാധ്യമായിരുന്നില്ല. എന്നാൽ പീഡകളെല്ലാം കഴിഞ്ഞ് നാലാം നൂറ്റാണ്ടിൽ സഭ സ്വതന്ത്രമായപ്പോൾ കേന്ദ്രീകൃതമായ ഭദ്രാസന ഭരണസംവിധാനം സഭയിലും പ്രായോഗികമായി. 5-ാം നൂറ്റാണ്ടോടെ ഈ സംവിധാനം റോമാ സാമ്രാജ്യത്തിലെ സഭയിൽ അങ്ങോളമിങ്ങോളം പ്രചാരത്തിലായി. രാഷ്ട്രീയ ഭരണസംവിധാനത്തിലും ഈ രീതിയിലുള്ള ക്രമീകരണം ഉണ്ടായിരുന്നുവെന്നതും അതിന്റെ അനുകരണമാണ് സഭയിൽ ഉണ്ടായത് എന്നതും വളരെ വ്യക്തമാണ്.

ഡയോക്ലീഷൻ ചക്രവർത്തി (284-305) ഭരണസൗകര്യാർത്ഥം റോമാസാമ്രാജ്യത്തെ പ്രൊവിൻസുകളായും ഓരോ പ്രൊവിൻസിനെയും 12 ഭദ്രാസനങ്ങളായും (ജില്ലകൾ) വിഭജിച്ചു. ഓരോ പ്രധാന പട്ടണത്തെയും കേന്ദ്രീകരിച്ചായിരുന്നു ഈ വിഭജനം. അതായത് ഭദ്രാസനകേന്ദ്രങ്ങൾ പ്രധാന പട്ടണങ്ങളായിരുന്നു. ഏകദേശം അതിന് സമാന്തരവും സമാനവുമായാണ് സഭാഭരണസംവിധാനവും ക്രമീകരിക്കപ്പെട്ടത്.

**മെത്രാപ്പോലീത്ത**

റോമാസാമ്രാജ്യത്തിലെ പ്രധാന നഗരങ്ങളായിരുന്ന റോം, അലക്സാണ്ട്രിയ, അന്ത്യോഖ്യ എന്നിവിടങ്ങളിലെ മെത്രാപ്പോലീത്തന്മാർക്ക് മറ്റു മെത്രാപ്പോലീത്തന്മാർക്കില്ലാതിരുന്ന ചില പ്രത്യേക അധികാരങ്ങളും സ്ഥാനമാനങ്ങളും ലഭിച്ചു. പട്ടണങ്ങളുടെ പൗരാണികത, രാഷ്ട്രീയ പ്രാധാന്യം, സാമൂഹ്യവും വിദ്യാഭ്യാസപരവുമായ മുൻഗണന, ക്രൈസ്തവസഭയുടെ അതിപുരാതന കേന്ദ്രങ്ങൾ, അവിടത്തെ സഭകളുടെ അപ്പോസ്തോലിക പിന്തുടർച്ച തുടങ്ങിയ പല പരിഗണനകളും വച്ചുകൊണ്ടാണ് ഈ പട്ടണങ്ങളിലെ സഭകൾക്കും അവയിലെ മെത്രാപ്പോലീത്തന്മാർക്കും മറ്റുള്ളവരേക്കാൾ മുൻഗണന ലഭിച്ചത്.

ഈ മെത്രാപ്പോലീത്തന്മാർക്ക് അവരുടെ ആസ്ഥാനങ്ങൾക്കു ചുറ്റുമുള്ള വിശാലമായ പ്രദേശങ്ങളുടെ മേൽസഭാപരവും അല്ലാത്തതുമായ ഭരണാധികാരങ്ങൾ ലഭിച്ചു. ഇവരെ മെത്രാപ്പോലീത്ത എന്നോ പ്രധാന മെത്രാപ്പോലീത്താ എന്നോ മേലദ്ധ്യക്ഷൻ എന്നോ വിളിച്ചിരുന്നു. 325-ൽ കൂടിയ നിഖ്യാസുന്നഹദോസ് റോമാസാമ്രാജ്യത്തിലെ പ്രമുഖ സഭാകേന്ദ്രങ്ങളെ അംഗീകരിക്കുകയും റോം, അലക്സാന്ത്രിയ, അന്ത്യോഖ്യ എന്നിവിടങ്ങളിലെ മെത്രാപ്പോലീത്തമാരെ പ്രധാന മേലദ്ധ്യക്ഷന്മാരായി ഗണിക്കുകയും ചെയ്തു.

റോമാസാമ്രാജ്യത്തിലെ പ്രധാനപ്പെട്ട പട്ടണങ്ങളെല്ലാം മെത്രാപ്പോലീത്തൻ സിറ്റികളായിരുന്നു. അവിടത്തെ ബിഷപ്പുമാരെയാണ് പിൽക്കാലത്ത് മെത്രാപ്പോലീത്തന്മാരെന്ന് വിളിക്കുന്നത്. കുസ്തന്തിനോസ് രാജാവ് സഭയ്ക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ചതോലെ ബിഷപ്പുമാരുടെ രാഷ്ട്രീയവും സാമൂഹ്യവുമായ സ്ഥാനമാനങ്ങൾ വർദ്ധിച്ചു. അവർക്ക് കൂടുതൽ ആത്മീയവും ലൗകികവുമായ അധികാര അവകാശങ്ങൾ കൈവന്നു.

**പാത്രിയർക്കീസ്**

പ്രധാന പട്ടണങ്ങളിലെ മെത്രാപ്പോലീത്തന്മാർക്ക് അവരുടെ ആസ്ഥാനങ്ങൾക്ക് ചുറ്റുമുള്ള വിശാലമായ പ്രദേശങ്ങളുടെ മേൽ സഭാപരവും അല്ലാത്തതുമായ ഭരണാധികാരങ്ങൾ ലഭിച്ചു. ഇവരെ മെത്രാപ്പോലീത്ത എന്നോ പ്രധാന മെത്രാപ്പോലീത്താ എന്നോ മേലദ്ധ്യക്ഷൻ എന്നോ വിളിച്ചിരുന്നു. 325-ൽ കൂടിയ നിഖ്യാസുന്നഹദോസ് റോമാസാമ്രാജ്യത്തിലെ പ്രമുഖ സഭാകേന്ദ്രങ്ങളെ അംഗീകരിക്കുകയും റോം, അലക്സാന്ത്രിയ, അന്ത്യോഖ്യാ എന്നിവിടങ്ങളിലെ മെത്രാപ്പോലീത്തന്മാരെ പ്രധാന മേലദ്ധ്യക്ഷന്മാരായി ഗണിക്കുകയും ചെയ്തു.

നിഖ്യാസുന്നഹദോസിന്റെ ആറാം കാനോനിൽ കാണുന്നത് ഇപ്രകാരമാണ്. ''അലക്സാന്ത്രിയായിലെ ബിഷപ്പിന് ഈജിപ്റ്റിലും ലിബിയായിലും പെന്റാപോലീസിലുമുള്ള സഭകളുടെ മേൽനോട്ടം നൽകുന്ന പുരാതന പതിവ് നിലനിൽക്കട്ടെ.'' റോമിലെ പതിവും ഇതുതന്നെ. അതുപോലെ അന്ത്യോഖ്യായ്ക്കും മറ്റ് പ്രവിശ്യകൾക്കും ലഭിച്ചിരിക്കുന്ന അധികാരങ്ങളും നിലനിൽക്കട്ടെ. നിഖ്യാസുന്നഹദോസ് റോമിനും അന്ത്യോഖ്യായ്ക്കും അലക്സാന്ത്രിയായ്ക്കും പുതിയതായി എന്തെങ്കിലും അധികാരങ്ങൾ നൽകുന്നില്ല. പ്രവിശ്യാ തലസ്ഥാനങ്ങളിലെ ബിഷപ്പന്മാർക്ക് അവരുടെ ചുറ്റുമുള്ള പ്രദേശങ്ങളിലുണ്ടായിരുന്ന അധികാരങ്ങൾ നിഖ്യാസുന്നഹദോസ് അംഗീകരിച്ചു കൊടുക്കുന്നു. ഈ തീരുമാനപ്രകാരം റോമിനോടു ചേർന്നുകിടന്ന പ്രദേശങ്ങളിലെ സഭയുടെ മേൽ റോമിനുണ്ടായിരുന്ന അധികാരങ്ങളും അലക്സാന്ത്രിയായിലെ ബിഷപ്പിന് ലിബിയ, പെന്റപോലീസ് തുടങ്ങിയ പ്രദേശങ്ങളിലെ സഭകളുടെ മേലുള്ള അധികാരവും അന്ത്യോഖ്യായോട് ചേർന്നു കിടന്നിരുന്ന ഇടവകകളുടെ മേൽ അവിടത്തെ ബിഷപ്പിനുണ്ടായിരുന്ന അധികാരങ്ങളും അവകാശങ്ങളും അദ്ദേഹത്തിനും നിഖ്യാസുന്നഹദോസ് അംഗീകരിച്ചു. (നിഖ്യാസുന്നഹദോസിന്റെ ഈ കാനോൻ ബാർ എബ്രായ തെറ്റായാണ് ഹൂദായ കാനോൻ ഏഴാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നത്. ആ തെറ്റായ ധാരണയാണ് മലങ്കരസഭയിൽ പ്രചരിച്ചിരിക്കുന്നത്.)

381-ൽ കൂടിയ ''കുസ്തന്തിനോസ്പോലീസിലെ സുന്നഹ

ദോസ് കുസ്തന്തിനോ പോലീസിലെ മെത്രാപ്പോലീത്തായ്ക്കും ഇതേ അധികാരാവകാശങ്ങളും സ്ഥാനബഹുമാനങ്ങളും നൽകി. പ്രസ്തുത സുന്നഹദോസിന്റെ മൂന്നാമത്തെ കാനോൻ ഇപ്രകാരമാണ്. കുസ്തന്തിനോപോലീസിലെ ബിഷപ്പിന് റോമിലെ ബിഷപ്പിനു ശേഷം മുൻഗണന ഉണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ ആസ്ഥാനം പുതിയ റോം ആണ്.'' പ്രധാന പട്ടണങ്ങളിലെ ഈ മെത്രാപ്പോലീത്തന്മാരെയാണ് പിൽക്കാലത്ത് പാത്രിയർക്കീസന്മാർ എന്ന് വിളിക്കുന്ന പതിവ് അഞ്ചും ആറും നൂറ്റാണ്ടുകളിൽ വ്യാപകമായത്. റോമിലെ സഭാതലവനെ പാപ്പാ എന്നും അലക്സാന്ത്രിയയിലെ സഭാതലവനെ പോപ്പ് പാത്രിയർക്കീസ് എന്നും അന്ത്യോഖ്യായിലെയും കുസ്തന്തിനോപോലീസിലെയും സഭാതലവന്മാരെ പാത്രിയർക്കീസ്മാർ എന്നും വിളിക്കുന്ന പതിവാണ് ഉള്ളത്.

**പാത്രിയർക്കാ സ്ഥാനംപോലെ തന്നെയുള്ള ഒരു സ്ഥാനമാണ് കാതോലിക്കാസ്ഥാനം**

റോമാസാമ്ര്യാജ്യത്തിലെ സഭയിൽ പാത്രിയർക്കാസ്ഥാനം ഉണ്ടായ കാലഘട്ടത്തിൽ തന്നെ പേർഷ്യ, അർമീനിയ, ജോർജിയ എന്നീ സഭകളിൽ കാതോലിക്കാസ്ഥാനവും ഉണ്ടായി.

കാത്-കോലിക്കോസ് എന്ന ഗ്രീക്ക് പദങ്ങളിൽ നിന്നാണ് കാതോലിക്കോസ് എന്ന പദമുണ്ടായത്. പൊതുവിന്റെ ആൾ എന്നാണ് ഈ വാക്കിന്റെ അർത്ഥം. റോമാസാമ്രാജ്യത്തിനുള്ളിലെ സഭാതലവന്മാരെ പാത്രിയർക്കീസ് എന്നു വിളിച്ചിരുന്നെങ്കിൽ റോമാസാമ്രാജ്യത്തിന് പുറത്തുണ്ടായിരുന്ന സഭാതലവന്മാരെ കാതോലിക്കോസ് എന്നാണ് വിളിച്ചിരുന്നത്. കാതോലിക്കാസ്ഥാനം പാത്രിയർക്കാ സ്ഥാനത്തേക്കാൾ ഒട്ടും കുറവുള്ള സ്ഥാനമല്ല. ഒരിക്കലും കാതോലിക്കാസ്ഥാനം പാത്രിയർക്കാസ്ഥാനത്തിന് കീഴിൽ വരികയോ, അധികാരാവകാശങ്ങളുടെ കാര്യത്തിൽ പിന്നിൽ നിൽക്കുകയോ ചെയ്തിട്ടില്ല. റോമാസാമ്രാജ്യത്തിലെ സഭാതലവന്മാരായിരുന്ന പാത്രിയർക്കീസ്മാർക്ക് അതാതു സഭകളിൽ ഉണ്ടായിരുന്ന എല്ലാ അധികാരാവകാശങ്ങളും കാതോലിക്കാമാർക്ക് അവരവരുടെ സഭകളിൽ ഉണ്ടായിരുന്നു.

325-ലെയും 381-ലെയും സുന്നഹദോസുകൾ റോമാസാമ്രാജ്യത്തിലെ റോം, അലക്സാന്ത്രിയ അന്ത്യോഖ്യ, കുസ്തന്തിനോപോലീസ് എന്നിവിടങ്ങളിലെ ബിഷപ്പന്മാർക്ക് പാത്രിയർക്കാസ്ഥാനം നൽകിയതുപോലെ 451-ലെ കൽക്കദൂനാ സുന്നഹദോസ് യെരുശലേമിലെ ബിഷപ്പിനും പാത്രിയർക്കാ സ്ഥാനം നൽകി. ഇങ്ങനെ അഞ്ചാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യത്തിലെ സഭയിൽ 5 പാത്രിയർക്കാ സ്ഥാനങ്ങളുണ്ടായിരുന്നു.

**പേർഷ്യയിലെ കാതോലിക്കാ സ്ഥാനം**

ചരിത്രപരവും സാമൂഹ്യവും രാഷ്ട്രീയവുമായ കാരണങ്ങളാണ് പേർഷ്യയിലെ കാതോലിക്കാസ്ഥാനമുണ്ടാകുന്നതിന്റെ പിന്നിൽ പ്രവർത്തിച്ചതെന്ന് കാണാം.

ഒന്നാം നൂറ്റാണ്ടിൽ തന്നെ എഡേസ്സായിലും പേർഷ്യൻ സാമ്രാജ്യത്തിന്റെ പ്രധാന നഗരങ്ങളിലും ക്രൈസ്തവസഭ സ്ഥാപിതമായി. ആദ്യകാലങ്ങളിൽ ഓരോ സ്ഥലങ്ങളിലുമുണ്ടായിരുന്ന ബിഷപ്പുന്മാർ ആരെല്ലാമായിരുന്നു എന്നതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ട്. പേർഷ്യയിലെ സഭാസ്ഥാപനത്തെക്കുറിച്ചും പുരാതന /സഭാ തലവന്മാരെക്കുറിച്ചുമൊക്കെ ബാർ എബ്രായ പരമാർശിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ എഴുത്തുകൾക്ക് മലങ്കരസഭയിൽ പ്രചുരപ്രചാരവും സിദ്ധിച്ചിട്ടുണ്ട്. ബാർ എബ്രായയുടെ രചന അനുസരിച്ച് എ.ഡി. 231നോടടുത്ത് പേർഷ്യയിൽ കാതോലിക്കാസ്ഥാനം ഉണ്ടായി എന്നാണ് പറയുന്നത്. ഇതിന്റെ വെളിച്ചത്തിൽ പാത്രിയർക്കാസ്ഥാനത്തേക്കാൾ 94 വർഷം മുമ്പ് ഉണ്ടായതാണ് കാതോലിക്കാസ്ഥാനം എന്ന് പുത്തൻകാവിൽ ഫിലക്സിനോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചിട്ടുള്ളത് പ്രത്യേകം സ്മരണാർഹമാണ്. ഈ നിലപാടിനെ ഡോ. വി.സി. ശമുവേലച്ചൻ വളരെ ശക്തമായി വിമർശിക്കുകയും തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്. ഇത് വെറുമൊരു കെട്ടുകഥമാത്രമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.(ദിവ്യബോധനത്തിന്റെ സഭ വളരുന്നു എന്ന പുസ്തകം പരിശോധിക്കുക.) പേർഷ്യൻ രേഖകൾ അനുസരിച്ച് ഈ വിഷയം പരിശോധിക്കണം.

സുവിശേഷ പ്രവർത്തനം മൂലം പേർഷ്യയിൽ ആകമാനം സഭ വ്യാപിക്കുകയും 3-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ സെല്യൂഷ്യയിൽ ഒരു മേൽപ്പട്ടക്കാരന്റെ നേതൃത്വത്തിൽ സഭ സംഘടിതമാവുകയും ചെയ്തു. സെല്യൂഷ്യായിലെ പുതിയ ബിഷപ്പിന്റെ പേര് പാപ്പാ എന്നായിരുന്നു. പാപ്പാ പണ്ഡിതനും പ്രശസ്തുനും സുറിയാനി, പേർഷ്യൻ തുടങ്ങിയ ഭാഷകളിൽ അസാമാന്യ നൈപുണ്യമുള്ളയാളും ഭരണതന്ത്രജ്ഞനുമായിരുന്നു.

ഇക്കാലഘട്ടത്തിലെ ചരിത്രം പരിശോധിക്കുമ്പോൾ സഭാഭരണപരമായി വളരെ പ്രധാനപ്പെട്ട ഒരു മാറ്റം അഥവാ വളർച്ച അല്ലെങ്കിൽ പുരോഗതി ഉണ്ടായതായി കാണാം. റോമാസാമ്രാജ്യത്തിലെ പുരാതനവും പ്രധാനപ്പെട്ടതുമായ പട്ട

# പിറവം പള്ളിയെക്കുറിച്ച് പറയാനുള്ളത്.....

**പി**റവം വലിയ പള്ളിയുടെ കേസിൽ സുപ്രീംകോടതിയിൽ നിന്ന് വിധി വന്ന സമയം മുതൽ വാസ്തവ വിരുദ്ധമായ എത്ര കഥകളാണ് യാക്കോബായക്കാർ പറഞ്ഞ് പരത്തുന്നത്! ഇത് ഏറ്റ് പറഞ്ഞ് സത്യത്തിന് നിരക്കാത്ത പ്രസ്താവനകൾ ഇറക്കിവിടുന്നതിൽ പ്രമുഖരായ പലരും ഉണ്ട് എന്നത് കാര്യത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ഇപ്പോൾ സുപ്രീം കോടതി തീർപ്പാക്കിയിരിക്കുന്നത് പിറവം വലിയപള്ളിയിലെ ഓർത്തഡോക്സ് സഭാംഗങ്ങൾ ആ പള്ളിയിലെ പാത്രിയർക്കിസ് വിഭാഗത്തിന് എതിരെ 1985 ൽ തുടങ്ങിയ വ്യവഹാരമാണ്. നീണ്ടകാലത്തെ വ്യവഹാര ചരിത്രത്തിൽ ഇരുവിഭാഗങ്ങളും ജയപരാജയങ്ങളിലൂടെ കടന്ന് പോയി. ഈ കാലഘട്ടത്തിൽ ഓർത്തഡോക്സ് സഭയിലെ വൈദികർക്ക് (ഇടവകക്കാർക്ക് പോലും) പള്ളിയിൽ പ്രവേശിക്കുന്നതിനോ, കർമ്മങ്ങൾ നടത്തുന്നതിനോ എതിർ വിഭാഗം അനുവദിച്ചിരുന്നില്ല. ഇക്കാലം മുഴുവനും ഓർത്തഡോക്സ്കാരായ വൈദികരും ജനങ്ങളും അക്ഷരാർത്ഥത്തിൽ പള്ളിക്ക് പുറത്തായിരുന്നു. എന്നാൽ നീതിക്ക് വേണ്ടിയുള്ള പോരാട്ടം കോടതിയിൽ അവർ തുടർന്ന് കൊണ്ടിരുന്നു. ഇപ്പോൾ ഇതാ ഓർത്തഡോക്സ് വിഭാഗത്തന്റെ വാദങ്ങൾ എല്ലാം അംഗീകരിച്ച് സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ഈ അന്തിമ വിധി വിനയപൂർവ്വം അംഗീകരിക്കുന്നതിന് പകരം അതിനെതിരെ കലഹിക്കുന്നത് ജനാധിപത്യ സംവിധാനത്തിന് ഭൂഷണമല്ല.

1958 മുതൽ 1970 വരെയുള്ള സമാധാന കാലഘട്ടം കഴിഞ്ഞുള്ള സമയത്ത് ആരംഭിച്ച കക്ഷിവഴക്ക് ആദ്യസമയം മുതൽ തന്നെ ഈ ഇടവകയിൽ ഉണ്ടായിരുന്നെങ്കിലും പ്രഗത്ഭരായ ഇടവകപ്പട്ടക്കാരാൽ ഇടവകയുടെ പ്രവർത്തനങ്ങൾ നടന്ന് പോന്നു. ഈ കാലഘട്ടത്തിൽ പള്ളി സംബന്ധിച്ച് പല വ്യവഹാരങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും 1985 ൽ ആരംഭിച്ച സിവിൽ കേസാണ് ഇപ്പോൾ ഇൻഡ്യയുടെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയിൽ എത്തി വിധിയായിരിക്കുന്നത്. 1985 ൽ ഈ കേസ് ഫയൽ ചെയ്തതിന്റെ ശേഷം കോടതിയുടെ ശക്തമായ ഇടപെടലോടെയായിരുന്നു ഇടവകഭരണം നടന്ന് വന്നത്. 1995-ൽ സഭാ കേസിൽ സുപ്രീം കോടതിയിൽ നിന്ന് വിധി വരുമ്പോൾ പിറവം പള്ളിയിൽ മൂന്ന് പട്ടക്കാരാണ് ഉണ്ടായിരുന്നത്. അവർ മൂന്ന് പേരും പാത്രിയർക്കിസ് വിഭാഗം നിർദ്ദേശിച്ച പ്രകാരം കോടതി അംഗീകരിച്ച്

---

ണങ്ങളിലെ ബിഷപ്പന്മാർ അവർക്ക് ചുറ്റുമുള്ള പ്രദേശങ്ങളിലെ സഭകളുടെ ഭരണംകൂടി അവകാശപ്പെടുകയോ കൈവശപ്പെടുത്തുകയോ അവർക്ക് ലഭിക്കുകയോ ചെയ്ത ഒരു കാലഘട്ടമായിരുന്നു അത്. അതിന്റെ ഒരു പരിസമാപ്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ നിഖ്യാസുന്നഹദോസിൽ കാണാം. നിഖ്യാസുന്നഹദോസ് റോം, അലക്സാന്ത്രിയ, അന്ത്യോഖ്യ എന്നീ പ്രധാന പട്ടണങ്ങളിലെ ബിഷപ്പന്മാർക്ക് മറ്റ് ബിഷപ്പന്മാരിലുപരി സ്ഥാനവും അധികാരവും നൽകി (അതാണ് പിന്നീട് പാത്രിയർക്കാ സ്ഥാനമായി വളർന്നത്) റോമാസാമ്രാജ്യത്തിലെ പ്രധാന പട്ടണങ്ങളിലെ ബിഷപ്പുമാർ ചുറ്റുമുള്ള പ്രദേശങ്ങളിൽ തങ്ങളുടെ അധികാരം സ്ഥാപിച്ചുവന്ന ഒരു കാലഘട്ടമായിരുന്നു അത്. ഇത് പേർഷ്യയുടെ തലസ്ഥാനമായ സെല്യൂഷ്യായിൽ സഭാഭരമമേറ്റ സമർത്ഥനായ പാപ്പായ്ക്ക് പേർഷ്യൻ സാമ്രാജ്യത്തിലെ സഭ മുഴുവൻ മേലും ആധിപത്യം സ്ഥാപിക്കാൻ ഒരു പ്രചോദനമായിരുന്നു. പാപ്പാ ആകമാന പേർഷ്യൻ സഭാനേതൃത്വം അവകാശപ്പെടുകയും എ. ഡി. 315നോടടുത്ത് അത് കരസ്ഥമാക്കുകയും ചെയ്തു.

പാപ്പാ നിര്യാതനായപ്പോൾ സൈമൺ (ശെമഓൻ ബർസാബെ) അദ്ദേഹത്തിന്റെ പിൻഗാമിയായി. അദ്ദേഹം ഭരണമേറ്റപ്പോൾ സാഫോർ രണ്ടാമനായിരുന്നു പേർഷ്യയിലെ രാജാവ്, 339 മുതൽ സാഫോർ രണ്ടാമൻ ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ തുടങ്ങി. ക്രൂരമായ ആ പീഡയിൽ സൈമൺ കാതോലിക്കാ കൊല്ലപ്പെട്ടു. ക്രൈസ്തവ പീഡനം 379വരെ നീണ്ടുനിന്നു.

സൈമൺ ബാർസാബേയും അതിനുശേഷം ശഹദോസ്തും അതിനെ തുടർന്ന് ബാർബ്ശേമിൻ എന്നിങ്ങനെ മൂന്ന് കാതോലിക്കാമാരെ സാഫോർ ചക്രവർത്തി അതിക്രൂരമായി കൊല ചെയ്തു. കാതോലിക്കാമാരെപ്പോലെ അനേക ബിഷപ്പന്മാരും നൂറുകണക്കിന് വൈദീകരും ആയിരക്കണക്കിന് വിശ്വാസികളും (പതിനാറായിരം പേരുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ട്) സാഫോർ രണ്ടാമന്റെ പീഡയിൽ കൊല്ലപ്പെട്ടു. ഇങ്ങനെ പീഡിപ്പിക്കപ്പെട്ടിരുന്നതുകൊണ്ട് സഭയ്ക്ക് വളരാനോ കാതോലിക്കായുടെ നേതൃത്വത്തിലുള്ള ഭരണസംവിധാനം ശക്തിപ്പെടുത്താനോ സാധിച്ചില്ല.

(തുടരും)

നിയമിക്കപ്പെട്ടവരുമായിരുന്നു. 1995-ലെ സുപ്രീം കോടതി വിധിയേത്തുടർന്ന് പള്ളിയുടെ 6/85-ാം നമ്പർ കേസിൽ **ഇടവകയിലെ വൈദികരും ഇട വകാഗംങ്ങളും സുപ്രീം കോടതി വിധി അംഗീക രിച്ച മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 1934 ലെ ഭരണഘടനഅംഗീകരിച്ച് എറണാകുളം I അഡീഷണൽ ജില്ലാക്കോടതിയിൽ സത്യ വാങ്ങ്മൂലം സമർപ്പിക്കുകയുണ്ടായി. ഈ ഭരണ ഘടനയുടെ അടിസ്ഥാനത്തിൽ 1998 ലും, 2002 ലും, 2004 ലും പള്ളിയിൽ തിരഞ്ഞെടുപ്പുകൾ നടന്നു. പള്ളിയിലെ ഇടവകാംഗം എന്ന നിലയിലുള്ള വോട്ട വകാശത്തിനായി ഭരണഘടന അംഗീകരിച്ച് ഓരോരുത്തരും സത്യവാങ്ങ്മൂലം എഴുതി ഒപ്പിട്ടു.** ഇത്തരത്തിൽ കോടതി മുമ്പാകെ സത്യവാങ്ങ്മൂലം എഴുതി സമർപ്പിച്ചത് വഴി അവിടത്തെ പാത്രി യർക്കീസ് വിഭാഗത്തിൽപ്പെട്ട ഇടവക ജനങ്ങളും മല ങ്കര ഓർത്ത്ഡോക്സ് സുറിയാനി സഭയുടെ ഇടവ കാംഗങ്ങൾ ആയി മാറി എന്നത് ആർക്കും വിസ്മരി ക്കാൻ സാധിക്കില്ല. മുൻപ് ഇടവക ഒന്നടങ്കം അംഗീ കരിച്ചത് ഒന്നുകൂടി ഉറപ്പിക്കുക മാത്രമാണ് 2018 ഏപ്രിൽ 19 ലെ വിധിയിൽ ചെയ്തിട്ടുള്ളത്. സുപ്രീം കോടതി വിധി വാചകം തന്നെ അത് സൂചിപ്പിക്കുന്നു. As the controversy in question has been finally decided in the case of K.S. Verghese vs. St. Peter's & Paul's Syrian Orth. & Ors. in C.A. NO. 3674 of 2015 etc. decided on 3rd July, 2017 [2017 (15) SCC 333], in which it has been laid down that **1934 Constitution holds the field**, nothing further survives in the mattes for adjudication. Consequently, the appeals stand disposed of in terms of the above judgment". ഇനിമുതൽ പള്ളി ഭരണം പിടിക്കാൻ വേണ്ടി 1934 ലെ ഭരണഘടന അംഗീകരിച്ച് ഒപ്പിട്ടതാണ് എന്നും ഭരണം കിട്ടിയാൽ ഞങ്ങൾ യാക്കോബായക്കാരാണ് എന്നും പറഞ്ഞ് കബളിപ്പിക്കുവാൻ ആർക്കും സാധിക്കില്ല.

2002 ലെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തെത്തുടർന്ന് രൂപികൃത മായ സഭാ മാനേജിംഗ് കമ്മിറ്റി ഭദ്രാസനങ്ങളെ പുന ക്രമീകരിച്ചപ്പോൾ പിറവം വലിയ പള്ളി കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ ഉൾപ്പെടുത്തപ്പെട്ടു. ഈ തീരു മാനത്തെത്തുടർന്ന് കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാ പ്പോലിത്ത ഡോ.തോമസ് മാർ അത്താനാസിയോസ് തിരുമേനി ആ പള്ളിയിലെ മൂന്ന് പട്ടക്കാരിൽ ഒരാ ളായ ഫാ. സ്ക്കറിയ വട്ടയ്ക്കാട്ടിലിനെ പള്ളി വികാ രിയായി നിയമിച്ചു. എന്നാൽ ആ പള്ളിയിലുണ്ടായി രുന്ന മറ്റ് രണ്ട് വൈദികരും കോടതി ഉത്തരവുകൾ ലംഘിച്ച് യാക്കോബായ വിഭാഗവുമായി ചങ്ങാത്ത ത്തിലായി, കൂറ് മാറ്റം പൂർണ്ണമാക്കി.

ഇതിനിടയിൽ ഈ പള്ളിയുടെ കേസിൽ എറ ണാകുളം I അഡീഷണൽ ജില്ലാകോടതി മലങ്കര ഓർത്തഡോക്സ് സഭക്ക് അനുകൂലമായി വിധി നൽകി. 1934 ലെ മലങ്കര സഭാ ഭരണഘടന ഈ ഇട വകയ്ക്ക് ബാധകമാണെന്നും അതനുസരിച്ച് ഭരിക്ക പ്പെടണം എന്നും തീർപ്പ് കല്പിച്ചു. എന്നാൽ സഭ ആവശ്യപ്പെട്ട ചില നിവർത്തികൾ കോടതി അനുവ ദിച്ചില്ല. ഇത് ചോദ്യം ചെയ്ത് ഓർത്തഡോക്സ് സഭ ഹൈക്കോടതിയിൽ അപ്പിൽ ഫയൽ ചെയ്തു. ഹൈക്കോടതി അപ്പിലിൽ വാദം കേൾക്കുന്നതിനിട യിൽ ഈ ഹർജി നിലനിൽക്കുന്നതല്ല എന്ന സാങ്കേ തിക കാരണം കാണിച്ച് യാക്കോബായ വിഭാഗം ഒരു ഉപ ഹർജികൊടുത്തത് അംഗീകരിച്ച് ഓർത്ത ഡോക്സ് സഭയുടെ കേസ് തന്നെ തള്ളിച്ചു. ഈ ഉത്തരവ് ചോദ്യം ചെയ്ത് ഓർത്തഡോക്സ് സഭ ഫയൽ ചെയ്ത കേസിലാണ് ഇപ്പോൾ സുപ്രീം കോട തിയിൽ നിന്ന് അന്തിമ വിധി ഉണ്ടായിരിക്കുന്നത്.

2014-ൽ കേരള ഹൈക്കോടതി ഓർത്തഡോക്സ് സഭയുടെ ഹർജി തള്ളിയത് യാക്കോബായ വിഭാഗം ആഘോഷിച്ചു. ഭരണഘടനയോട് കൂറും വിധേയ ത്വവും നിലനിർത്തി പള്ളി വികാരിയുടെ ചുമതല നിർവ്വഹിച്ചിരുന്ന ഫാ. സക്റിയ വട്ടയ്ക്കാട്ടിലിനെ കായിക ബലം ഉപയോഗിച്ച് പള്ളിയിൽ നിന്ന് പുറ ത്താക്കി. ഓർത്തഡോക്സ് സഭയുടെ ഹർജി തള്ളി യെങ്കിലും യാക്കോബായ വിഭാഗത്തിന് അനുകൂല മായി ഒരുവാക്ക് പോലും വിധിയിൽ ഇല്ലാതിരുന്നു. എന്നിട്ടും വിധി തങ്ങളുടെ വിജയമാണ് എന്ന് വ്യാഖ്യാനിച്ച് യാക്കോബായ സഭാ മെത്രാന്മാരും വൈദികരും പള്ളിയിൽ പ്രവേശിക്കാനും കർമ്മാദി കൾ നടത്താനും തുടങ്ങി. കോടതി നിയമിച്ച മൂന്ന് വൈദികരൊഴിച്ച് യാക്കോബായ മെത്രാന്മാരും വൈദികരും കോടതി ഉത്തരവുകൾ ലംഘിച്ച് പള്ളി യിൽ കയറിത്തുടങ്ങിയിട്ട് നാല് വർഷമേ ആയിട്ടു ള്ളൂ എന്നത് പിറവത്തെ ആർക്കും അറിയാവുന്നതാ ണ്. ഹൈക്കോടതി വിധിയിൽ തങ്ങൾക്ക് അനുകൂ ലമായി ഒന്നും ഇല്ലാതിരുന്നിട്ടും ഉണ്ട് എന്ന് നടിച്ച് വിജയഭാവത്തോടെ വിധിനടപ്പാക്കിയ യാക്കോബാ യക്കാർ സുപ്രീം കോടതിയിൽ നിന്ന് കീഴ്ക്കോടതി വിധി തിരുത്തി മറ്റൊരു ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ എന്തിനാണ് സുപ്രീംക്കോടതിയെ ഭള്ളു പറയുന്നത്? കോടതി ഉത്തരവ് നടപ്പാക്കാൻ സഹകരിക്കുന്നതല്ലേ ന്യായവും മര്യാദയും?

ഈ കാലഘട്ടത്തിൽ ചരിത്രത്തോടും യാക്കോ ബായക്കാർ നീതി പുലർത്തിയില്ല. പള്ളിയുടെ ടൗൺ കുരിശിൽ Belongs to Orthodox Syrian Church എന്ന് കോൺക്രീറ്റ് അക്ഷരങ്ങളിൽ ചേർത്തിരുന്നത് രാത്രി

RNI No. KERMAL/2012/46014 Date of Publication 15-5-2018 Licence No. KL/CR/ALU/WPP-04/2016-18
Registered. Reg. No. KL/ALY/0067/2016-2018 Price Rs. 10/- Licensed to Post Without Pre-payment



യുടെ മറവിൽ തച്ചുടച്ചുകളഞ്ഞു. JCB യിൽ കെട്ടിയ വലിയ ഇരുമ്പ് വടം ഉപയോഗിച്ച് പള്ളിയുടെ St. Mary's Orthodox Syrian Church എന്ന് രേഖപ്പെടുത്തിയിരുന്ന പഴയ ആർച്ച് പൊളിച്ച് നീക്കി, പരിശുദ്ധ ഔഗേൻ ബാവയുടെ പേര് ആലേഖനം ചെയ്തിരുന്ന ടൗൺ കുരിശ് പള്ളിയിലെ ഫലകം പുട്ടിതേച്ച് മായിച്ചുകളഞ്ഞു. ഇങ്ങനെ നിരവധിയായ വിധ്വംസക പ്രവർത്തനങ്ങൾ അവർ നടത്തി. ചരിത്രപരമായി നിലനിന്നിരുന്ന ഈ അടയാളങ്ങൾ തകർത്ത് കളഞ്ഞാൽ ആ പള്ളിയുടെ മേലുള്ള ഓർത്തഡോക്സ് സഭയുടെ അധികാരം ഇല്ലാതാക്കാം എന്ന് വ്യാമോഹിച്ചവർക്ക് ഈ വിധി ദൈവസന്നിധിയിൽ നിന്നുള്ള ശക്തമായ താക്കിതാണ്.

എത്രതന്നെ നുണക്കഥകൾ പറഞ്ഞ് പരത്തിയാലും സത്യത്തെ മൂടിവയ്ക്കാൻ സാധിക്കില്ല. അതുകൊണ്ടാണ് പിറവം പള്ളിയുടെ സിവിൽ വ്യവഹാരം അതിന്റെ അന്തിമഘട്ടത്തിൽ എത്തിയപ്പോൾ മലങ്കര സഭയുടെ തനിമയും സ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുന്ന വ്യക്തമായ ഒരു വിധിപ്രസ്താവനയായി അത് മാറിയത്. ഇത് മലങ്കര നസ്രാണികളായ ഓരോരുത്തരുടെയും ദൈവസന്നിധിയുള്ള സന്തോഷമായി മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പിറവം പള്ളിയിൽ നിലനിന്ന് വന്ന ധൂർത്ത്, അഴിമതി, അക്രമക്രമീകരണങ്ങൾ എന്നിവ മാറ്റുവാനും നീതിപൂർവ്വമായ ഭരണ സംവിധാനം നിലവിൽ വരുവാനും ഈ കോടതി വിധി നടപ്പാക്കേണ്ടത് അത്യന്താപേഷിതമാണ്. അതിനുള്ള അവസരമായും ദൈവീക ഇടപ്പെടലായും മനസ്സിലാക്കി വിധി നടത്തിപ്പിന് സഹകരിക്കുവാൻ എല്ലാ ഇടവകാംഗങ്ങളെയും ഓർമ്മിപ്പിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
കണ്ടനാട് ഈസ്റ്റ് ഭദ്രാസന കൗൺസിൽ
പ്രസിദ്ധീകരിക്കുന്നത്
09.05.2018

## പിറവം സെന്റ് മേരീസ് വലിയപള്ളി സംബന്ധിച്ച് ബഹു. സുപ്രീംകോടതി നൽകിയ അന്ത്യവിധി

**IN THE SUPREME COURT OF INDIA**
**CIVIL APPLICATE JURISDICTION**
CIVIL APPEAL No.(s) of 2018
(Arising out of SLP (C) Nos. 33156-33159/2014

K.P. JOHN & ANR Petitioner (s)

**VERSUS**

JOHN PUTHIYAKUNNEL and ORS ETC. Respondent (s)

**ORDER**

Leave granted.

As the Controversy in question has been finally decided in the case of K.S. Verghese vs. St. Peter's & St. Paul's Syrian Orth. & Ors. in C.A. No. 3674 of 2015 etc. decided on 3rd July, 2017 [2017 (15) SSC 333], in which it has been layed down that 1934 constitution holds the field, nothing further survives in the matters for adjudication. Consequently, the apeals stand disposed of in terms of the above judgment

Let all the concerned courts and authorities act in terms of the judgment. Let there be no multiplicity of the litigation on this aspect any more in the various courts. The decision rendered in representative suit is binding on all

..................................J
(ARUN MISHRA)
........................J
(UDAY UMESH LALIT)

NEW DELHI;
April 19, 2018

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha